# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05 - 02 - 2017

വാല്യം – 13 ലക്കം: 02 ഫെബ്രുവരി 2017 Price Rs. 10/- Annual Subscription RS. 100/-


## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്

# ജനറൽ കൺവൻഷന് അനുഗ്രഹ സമാപ്തി



*ജനറൽ കൺവൻഷൻ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി.സി തോമസ് ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർമാരായ സാംകുട്ടി മാത്യു, എം.ഒ. ഏലിയാസ്, ക്രിസ്റ്റഫർ റ്റി. രാജു, ബാബു ചെറിയാൻ, തോമസ് എം. പുളിവേലിൽ, വിനോദ് ജേക്കബ്, സജി ജോർജ്, എ.റ്റി. ജോസഫ്, സജി ഏബ്രഹാം, തോമസുകുട്ടി ഏബ്രഹാം, എം. കുഞ്ഞപ്പി, പി.സി. ചെറിയാൻ, കെൻ ആൻഡേഴ്സൺ, കെ.സി. ജോൺ, ജെ. ജോസഫ്, ജോൺസൻ ഡാനിയേൽ, വൈ. ജോസ്, ജി. അലക്സ്, വൈ. റെജി, ഷിബു കെ. മാത്യു, റ്റി.എ. ജോർജ്, റ്റി.എം. മാമ്മച്ചൻ, പി. എ. ജറാൾഡ്, വി.പി. തോമസ്, കെ.എ. ഉമ്മൻ, ബ്രദർ ജോസഫ് മറ്റത്തുകാല എന്നിവർ മുൻ നിരയിൽ.*

**തിരുവല്ല:** നാം ദൈവത്തോടും സമൂഹത്തോടും സഹജീവികളോടും നന്ദിയുള്ളവരായിരിക്കണമെന്നും ദൈവം നമ്മെ ഭരമേല്പിച്ച ദൗത്യ നിർവ്വഹണം നാം അതിവസിക്കുന്ന രാജ്യത്തിന്റെ നന്മയ്ക്കും ശുഭതയ്ക്കും വേണ്ടി ശാരീരികവും മാനസീകവും ആത്മീകവുമായി ആരോഗ്യദൃഢഗാത്രരായ ഒരു സംഘം ജനതയെ വാർത്തെടുക്കുന്നതിനും ഉതകണമെന്നും, ദൈവം നമുക്ക് നൽകി തരുന്ന ശുഭതകളെ വിമർശനാത്മക മനോഭാവത്തോടെയല്ല ക്രീയാത്മകമായ മനോഭാവത്തോടെ സ്വീകരിച്ച് അതിന് നന്ദിയുള്ളവരായി തീരണമെന്നും റവ സി. സി തോമസ് ഉദ്ബോധിപ്പിച്ചു. ചർച്ച് ഓഫ് ഗോഡ് 94-ാമത് ജനറൽ കൺവൻഷന്റെ സമാപനയോഗത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

23-ാം തീയതി തിങ്കളാഴ്ച അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി.ജി മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച യോഗം സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി തോമസ് ഉദ്ഘാടനം ചെയ്തു. ജനറൽ കൺവൻഷൻ 29-ാം തീയതി ഞായറാഴ്ച സംയുക്ത സഭായോഗത്തോടും വിശുദ്ധ തിരുവത്താഴ ശുശ്രൂഷയോടും കൂടെ സമാപിച്ചു. തിരുവത്താഴ ശുശ്രുഷയ്ക്ക് പാസ്റ്റർ എം. ഒ. ഏലിയാസ് നേതൃത്വം നല്കി. പാസ്റ്റർമാരായ ജെ. ജോസഫ്, എം. കുഞ്ഞപ്പി, ജോർജ് മാത്യു പുതുപ്പള്ളി, ഈപ്പൻ ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

ഒരാഴ്ചയായി നടന്നു വന്ന കൺവൻഷനിൽ പാസ്റ്റേഴ്സ് കോൺഫ്രൻസ്, ശുശ്രൂഷക സമ്മേളനം, പൊതുയോഗം, സഹോദരി സമ്മേളനം, വേദപാഠശാലകളുടെ ബിരുദദാനം, പുത്രികാ സംഘടനകളായ സണ്ടേസ്കൂളിന്റെയും-വൈപിഇ യുടെയും സംയുക്ത സമ്മേളനം, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സമ്മേളനം, സ്നാനം, ഉണർവ്വുയോഗം എന്നിവ നടന്നുവെന്ന് മീഡിയ കൺവീനർമാരായ പാസ്റ്റർമാരായ സാംകുട്ടി മാത്യുവും, പാസ്റ്റർ ഷൈജു തോമസും അറിയിച്ചു. തികഞ്ഞ ആത്മീക അന്തരീക്ഷത്തിൽ അച്ചടക്കത്തോടെ നടന്ന കൺവൻഷന്റെ പ്രാരംഭ ദിനം മുതൽ തന്നെ പരിശുദ്ധാത്മ സാന്നിധ്യം കൺവൻഷൻ പന്തലിൽ ദൃശ്യമായിരുന്നു.

ഈ വർഷത്തെ കൺവൻഷനിൽ ഇതു വരെയും കണ്ടിട്ടില്ലാത്ത വിധമുള്ള ജനസമൂഹമാണ് പങ്കെടുത്തത്. പാസ്റ്റർമാരായ, ജോൺ തോമസ്, സണ്ണി താഴാംപള്ളം, ഡോ. ഷിബു സാമുവേൽ, ഷിബു തോമസ്, ഡോ. ഷിബു കെ മാത്യു, വൈ. റെജി, വൈ. ജോസ്, ഷൈജു തോമസ് ഞാറയ്ക്കൽ, അനീഷ് ഏലപ്പാറ, റെജി ശാസ്താംകോട്ട, പി. ആർ ബേബി, കാനം അച്ചൻ, തോമസ്കുട്ടി ഏബ്രഹാം, ടി. എം. മാമച്ചൻ, ഏ റ്റി ജോസഫ്, ക്രിസ്റ്റഫർ റ്റി രാജു, പി. എ ജെറാൾഡ്, ജോൺസൻ ദാനിയേൽ, വി. എം മധു, സാജൻ മാത്യു, തോമസ് എം പുളിവേലിൽ, പി. സി ചെറിയാൻ, ബാബു ചെറിയാൻ, വിനോദ് ജേക്കബ്ബ്, ഡോ. ഐസക് സൈമൺ, സജി ഏബ്രഹാം, റ്റി.എ. ജോർജ്, ജി അലക്സ്, ജോൺ ഫിലിപ്പ്, ബെൻസ് ഏബ്രഹാം, ജോസ് ജോർജ, പി.ജി. മാത്യൂസ്, ഡോ. മാത്യു ജോർജ് എന്നിവർ പ്രസംഗിച്ചു. റിട്ടയർ ആയ ശുശ്രൂഷകന്മാരെ ആദരിച്ചു.

സഭയുടെ അസിസ്റ്റന്റ് ഓവർസിയർ സ്ഥാനത്ത് നിന്നും വിരമിച്ച പാസ്റ്റർ പി. ജി മാത്യൂസിനെ ആദരിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളി പെന്തക്കോസ്ത് വിശ്വാസികളുടെ പ്രബല വിഭാഗമായ ചർച്ച് ഓഫ് ഗോഡിന്റെ ജനറൽ കൺവൻഷനാണ് എല്ലാ വർഷവും തിരുവല്ലായിൽ നടക്കുന്നത്. 172 രാജ്യങ്ങളിലായി പടർന്ന് പന്തലിച്ച് വിശാലമായി കിടക്കുന്ന ഈ പ്രസ്ഥാനം അതത് ഭാഷക്കാരുടെ ഇടയിൽ ശക്തമാണ്. ഈ സഭയ്ക്ക് മൂന്നു ലക്ഷത്തിലധികം അംഗങ്ങൾ കേരളത്തിലുണ്ട്. കർണ്ണാടക സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി സമാപന സന്ദേശം നൽകി. ബ്രദർ ജോസ് മറ്റത്തുകാല ഏവർക്കും നന്ദിപ്രകാശനവും നടത്തി.

# കുമ്പനാട് കൺവൻഷൻ സമാപിച്ചു



കുമ്പനാട്ട് ഐ.പി.സി. 93-ാമത് ജനറൽ കൺവൻഷൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്യുന്നു

**കുമ്പനാട്:** തിരുവെഴുത്തുകളുടെ ശക്തിയാൽ ജീവിതത്തിൽ നന്മയെ സഫലമാക്കണമെന്ന ആഹ്വാനത്തോടെ 93-ാം കുമ്പനാട് കൺവൻഷന് അനുഗ്രഹസമാപ്തി.

ലോകം മരണത്തെ ഭയപ്പെടുമ്പോൾ പ്രത്യാശ നൽകുന്നതാണ് ദൈവവചനമെന്ന് സമാപനസന്ദേശത്തിൽ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. കെ.സി. ജോൺ പറഞ്ഞു. മുറിവേറ്റ ക്രിസ്തുവിൽ പ്ര

*(ശേഷം പേജ് 5)*

## അടിയന്തര ശ്രദ്ധയ്ക്ക്

യുഗാന്ത്യസന്ദേശം പ്രിന്റ് ചെയ്ത് വായനക്കാരിൽ എത്തിക്കുന്ന ചിലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കയാൽ 2017 മാർച്ച് മാസം മുതൽ ഒരുവർഷത്തെ വരിസംഖ്യയായ 100 രൂപ അടച്ച് രസീത് കൈപ്പറ്റാത്തവർക്ക് പത്രം അയച്ച് തരുന്നതല്ല. വായനക്കാർ ക്ഷമിക്കുക. കഴിഞ്ഞ നാളുകളിൽ വായനക്കാർ പത്രത്തിന്റെ പ്രവർത്തനങ്ങളോട് കാണിച്ച സഹകരണങ്ങൾക്ക് പ്രത്യേകം നന്ദി. പത്രം ഫ്രീയായി അയച്ചു തരുന്നതിൽ ഉള്ള പരിമിതികൾ മനസിലാക്കി വായനക്കാർ സഹകരിക്കണമെന്ന് അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9446532838.

**അഡ്രസ്: യുഗാന്ത്യസന്ദേശം P.O. Box 66, തിരുവല്ല – 689101**

**യുഗാന്ത്യസന്ദേശം തട്ടിപ്പുകാർക്കെതിരെ പ്രതികരിക്കുന്നു പരമ്പര അടുത്തലക്കം മുതൽ പ്രസിദ്ധീകരിക്കുന്നു.**

## ഇനി ആരും വഞ്ചിക്കപ്പെടരുത്

ധാരാളം തട്ടിപ്പുകാരുടെ വിഹാരരംഗമായി ആത്മീകലോകം ഇന്നു മാറിയിരിക്കുകയാണ്. ആത്മീകതയുടെ മറവിൽ നൂറുകണക്കിന് ദൈവമക്കൾ ഇന്ന് വഞ്ചിതരായികൊണ്ടിരിക്കുകയാണ്. വഞ്ചിക്കപ്പെട്ടവർ പെന്തക്കോസ്ത്കാരും പ്രതികരണശേഷി ഇല്ലാത്തവരും ആകയാൽ തട്ടിപ്പുകാർ യഥേഷ്ടം ആത്മീയ ലോകത്ത് വിഹരിക്കുകയാണ്. ഒരു സ്ഥലത്ത് തട്ടിപ്പു നടത്തിയവർ വീണ്ടും മറ്റൊരു സ്ഥലത്ത് തട്ടിപ്പ് നടത്തുകയാണ്. ഇങ്ങനെയുള്ള തട്ടിപ്പുകാരെ പൊതുജനത്തിന് മുൻപിൽ അവതരിപ്പിച്ചു കൊണ്ട് യുഗാന്ത്യസന്ദേശം അടുത്ത ലക്കം മുതൽ ഒരു പരമ്പര ആരംഭിക്കുകയാണ്. "ഇനി ആരും വഞ്ചിക്കപ്പെടരുത്" എന്നാണ് പരമ്പരയുടെ പേര്.

പെന്തക്കോസ്ത് ലോകത്ത് "പെന്തക്കോസ്തുകാർ" എന്ന് പേരുള്ള ആരാലെങ്കിലും ഏതെങ്കിലും വിധത്തിലുള്ള തട്ടിപ്പുകൾക്കും വെട്ടിപ്പുകൾക്കും ഇരയായിട്ടുള്ളവർ ഉടനടി ഞങ്ങളുമായി ബന്ധപ്പെടുക. ഇനി ആരും വഞ്ചിക്കപ്പെടരുത്.

പണത്തിന്റെ പേരിലോ, മറ്റേതെങ്കിലും ഇടപാടുകളുടെ പേരിലോ, വസ്തു, ഫ്ളാറ്റ്, വാഹനം, വില്ല തുടങ്ങി ഏതെങ്കിലും വിഷയത്തിൽ വഞ്ചിതരായവർ ഉടനടി ഞങ്ങളുമായി ബന്ധപ്പെടുക. "ഞങ്ങൾക്ക് പറ്റാനുള്ളതു പറ്റി, പോയത് പോകട്ടെ" എന്ന് പറയാതെ "ഞങ്ങൾക്ക് പറ്റിയത്,ഇനി ആർക്കും പറ്റാതിരിക്കട്ടെ" എന്ന് നമ്മൾ ചിന്തിച്ചാലെ നമ്മുടെ സമൂഹം നന്നാകുകയുള്ളു. ഇങ്ങനെയുള്ള തട്ടിപ്പുകാരുടെ കൈയിൽ പെട്ട് എത്രയോ കുടുംബങ്ങൾ ശിഥിലമാകുന്നു, എത്രയോ പേർ ആത്മഹത്യയുടെ വക്കിൽ നിൽക്കുന്നു. ഞങ്ങൾ നിങ്ങളുടെകൂടെ നിൽക്കാം.

YUGANTHYA SANDHESHAM

**Patron**
Rev. Shaji K. Daniel
**Chief Editor**
Rev. Shibu K. Mathew B.D. M.Th.
**Managing Editor**
Rev. J. Joseph
**Manager**
Pr. Shaiju Thomas
**Editorial Director**
John P. Ninan
**Circulation Manager**
Jacob Itty
**Sub Editor**
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Shaji Idukki
Rev. Lovegi Mathews Elias B.D.
**Overseas Editors**
Rev. John Thomas, Houston
Rev. Joe Kurian, England
Rev. Nibu Vellavanthanam,
Rev. Joy Abraham U.A.E
**Advisory Board**
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
K. Abraham Konni
Rev. T. Thomas
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese

Rev. P. C Cherian
Viju Thomas, Dallas
**Co-ordinators**
**Kuwait:** A.V. Sunny
Mathew Daniel
**Abudhabi:** Rev. P.T Prasad
Thomas Ninan
Rev. Jose Mallissery
**Sharjah:** Rev. Jose George
**Doha:** Lalu Jacob
**Saudi Arabia:** C. C. Chacko
Saji Chacko
Philip Abraham
**England:** Rohit Joseph
**Canada:** Wilson Varghese
**Jamaica:** Mohan
**Florida:** Samjee Varghese
**Dallas:** Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
**Houston:** James Samuel
**Tennassee:** Thomas Chacko
**Chicago:** Alex Ninan
**Detroit:** Roy Markose
**Philadelphia:** Jacob Varghese
**New Jersy:** Rev. Rajan Skaria
**New York:**
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
**Okalahoma:** Wilson John

**Yuganthya Sandhesham**
P.O. Box - 66, Thiruvalla - 1
Ph : 0469-2602838
Mob : 9446532838
9447313709
ysandhesham@saintly.com

**പത്രാധിപലേഖനം**

# വ്യത്യസ്തത നിറഞ്ഞ ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ



ഡോ. ഷിബു കെ. മാത്യു

ധാരാളം പുതുമകൾ കൊണ്ടും വ്യത്യസ്തതകൾ കൊണ്ടും നിറഞ്ഞ കൺവൻഷനായിരുന്നു കഴിഞ്ഞുപോയ ചർച്ച് ഓഫ് ഗോഡ് 94-ാമത് ജനറൽകൺവൻഷൻ. പുതുതായി ചുമതല ഏറ്റെടുത്ത സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസിന്റെ നേതൃത്വത്തിൽ നടക്കുന്ന ആദ്യകൺവൻഷനായതുകൊണ്ട് പൊതുസമൂഹം ഉറ്റു നോക്കിയ കൺവൻഷനായിരുന്നു കഴിഞ്ഞു പോയത്.

എന്നാൽ വിമർശകരുടെയും, കുപ്രചാരകരുടെയും വായടപ്പിച്ചുകൊണ്ട് ശക്തമായ ദൈവപ്രവർത്തി വെളിപ്പെട്ട കൺവൻഷനായി ഈ കൺവൻഷൻ മാറി. ചില വർഷങ്ങളായി വിദേശത്ത് ഒരു സഭയുടെ ശുശ്രൂഷകനായി ഇരുന്ന ദൈവദാസൻ ഇത്രയും വലിയ ഒരു ആത്മീയ സംഗമത്തിന് എങ്ങനെ നേതൃത്വം കൊടുക്കും എന്നുള്ള ആശങ്കപലരും പങ്കുവച്ചു എങ്കിലും, പ്രഗ്തഭനായ ഒരു ആത്മീനേതാവിനെ പാസ്റ്റർ സിസി തോമസിലൂടെ പെന്തക്കോസ്തു പ്രസ്ഥാനം കണ്ട ദിവസങ്ങളായിരുന്നു കൺവൻഷൻ ദിനങ്ങൾ. പാസ്റ്റർ സി. സി.തോമസ് നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ ആരംഭിച്ച പരിശുദ്ധാത്മാവിന്റെ ചലനം ഞായറാഴ്ച സഭായോഗത്തിൽ നടന്ന അവസാന പ്രസംഗത്തിൽ വരെ ദർശിക്കുവാൻ സാധിച്ചു. പ്രോഗ്രാമുകൾ തയ്യാറാക്കുന്ന വിഷയത്തിലും, പ്രസംഗകരെ തെരഞ്ഞെടുക്കുന്ന വിഷയത്തിലും സഭയുടെ ഓവർസിയർ നൂറുശതമാനം വിജയമായിരുന്നു എന്ന് കൺവൻഷനിൽ സംബന്ധിച്ച ശുശ്രൂഷകന്മാരും വിശ്വാസികളും യുഗാന്ത്യസന്ദേശത്തോട് അഭിപ്രായപ്പെട്ടു.

ചില മാസങ്ങൾക്ക് മുമ്പ് കണ്ണുനീരോടെ മുളക്കുഴ സീയോൻ കുന്നിന്റെ പടി ഇറങ്ങിയ സഭയുടെ ഏഷ്യൻ സൂപ്രണ്ടിന്റെ ശക്തമായ മടങ്ങി വരവ് ഹർഷാരവത്തോടു കൂടിയാണ് ദൈവസഭാ വിശ്വാസികളും ശുശ്രൂഷകന്മാരും ആഘോഷിച്ചത്. എല്ലാ ദിവസവും മുൻവർഷങ്ങളിലേതിനേക്കാൾ ജനപങ്കാളിത്തം കൺവൻഷനിൽ ദർശിക്കുവാൻ സാധിച്ചു. വെള്ളി, ശനി ദിവങ്ങളിൽ പെയ്ത മഴയെപ്പോലും അവഗണിച്ചുകൊണ്ട് ആയിരക്കണക്കിന് ദൈവജനം പന്തലിൽ തടിച്ചു കൂടിയതും ശ്രദ്ധേയമായിരുന്നു. സഭയുടെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാകാത്ത വിധത്തിൽ ഞായറാഴ്ച ഒരു മണിക്ക് മുൻപ് സഭാരാധന ആശീർവാദം പറഞ്ഞതും ജനത്തിന്റെ ശ്രദ്ധപിടിച്ചുപറ്റി. ഓവർസിയറുടെയും കുടുംബത്തിന്റെയും ആയിരക്കണക്കിന് ദൈവദാസന്മാരുടേയും ദൈവമക്കളുടെയും പ്രാർത്ഥനയെ ദൈവം ആദരിച്ച് 94-ാമത് ജനറൽ കൺവൻഷൻ വൻവിജയമായി തീർന്നതിൽ യുഗാന്ത്യസന്ദേശം പത്രാധിപസമിതി സന്തോഷിക്കുന്നു ദൈസഭയ്ക്ക് ശക്തമായ ഒരു നേതൃത്വം ഉണ്ടായതിൽ ഞങ്ങളും ദൈവത്തെ സ്തുതിക്കുന്നു. ദൈവസഭയ്ക്ക് ഒരു ശുഭഭാവി നമുക്ക് പ്രതീക്ഷിക്കാം. സഭ ദൈവത്തിന്റേതാണ്.

# കൊടുംവരൾച്ചയും ഭക്ഷ്യക്ഷാമവും



പാസ്റ്റർ ഷൈജു തോമസ്
ഞാറയ്ക്കൽ
9447313709, 7561800305



മഴലഭ്യതയിൽ വളരെയധികം കുറവുണ്ടായതു കാരണം ദക്ഷിണേന്ത്യയെ കാത്തിരിക്കുന്നത് കൊടുംവരൾച്ച എന്ന് ശാസ്ത്രലോകം സാക്ഷ്യപ്പെടുത്തുന്നു. ശൈത്യവും മഴയും ആശ്രയിച്ചു നിലനിൽക്കുന്ന കാർഷികമേഖല അതു നിമിത്തം കടുത്ത പ്രതിസന്ധിയിലായി. ആവശ്യത്തിന് മഴ ലഭിക്കാതിരുന്നതിനാൽ ആയിരക്കണക്കിന് ഹെക്ടർ കൃഷിയാണ് ഇതിനകം തന്നെ നശിച്ചിരിക്കുന്നത്. കേരളം, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളാണ് ഗുരുതരമായ വരൾച്ചയെ അഭിമുഖീകരിക്കാൻ പോകുന്നത്. കൃഷിനാശത്തിലൂടെ ഈ സംസ്ഥാനങ്ങൾ വൻ സാമ്പത്തിക തകർച്ചയും അഭിമുഖീകരിക്കേണ്ടിവരും. സമീപകാലചരിത്രത്തിലൊന്നും നേരിടാത്ത കൊടുംവരൾച്ചയാണ് ദക്ഷിണേന്ത്യ അഭിമുഖീകരിക്കുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നല്ല മഴ ലഭിച്ചതിനാൽ വൻ വിളവെടുപ്പ് നടന്നപ്പോഴാണ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ മഴക്കുറവു കാരണം ഉൽപാദന കുറവും വിളനാശവും നേരിടുന്ന സ്ഥിതിയുണ്ടാക്കിയിരിക്കുന്നത് . കേരളം, തമിഴ്നാട്, കർണാടകം, തെലങ്കാന, ആന്ധ്ര, പുതുച്ചേരി സംസ്ഥാനങ്ങളെയാണ് വരൾച്ച അതിഗുരുതരമായി ബാധിച്ചിരിക്കുന്നത്. നൂറ്റാണ്ടിനിടയിൽ ഏറ്റവും മഴക്കുറവ് രേഖപ്പെടുത്തിയ വർഷമാണ് കടന്നുപോയത്. കേരളത്തിൽ ഇടവപ്പാതി 34 ശതമാനവും തുലാവർഷം 62 ശതമാനവും കുറഞ്ഞു. അരിയും മറ്റു ധാന്യങ്ങളും പച്ചക്കറിയും ഉൾപ്പെടെ ഭക്ഷ്യവസ്തുക്കൾക്കെല്ലാം അയൽസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളം രൂക്ഷമായ കുടിവെള്ളക്ഷാമത്തിനൊപ്പം ഭക്ഷ്യകമ്മിയും അനുഭവിക്കുകയാണ്. മഴക്കുറവിനുപിന്നാലെ നോട്ടുപ്രതിസന്ധി കൂടി വന്നതോടെ ലക്ഷക്കണക്കിന് ഏക്കർ ഭൂമിയിൽ ഇത്തവണ വിളയിറക്കിയിട്ടില്ല. കാർഷികോൽപ്പാദനത്തിൽ ഭീമമായ ഇടിവാണ് ഇത് സൃഷ്ടിച്ചിട്ടുള്ളത്. അതു നമിത്തം സംജാതമാകുന്നത് രൂക്ഷമായ വിലക്കയറ്റവും ക്ഷാമവും ആയിരിക്കും. അരിവിലയിലുണ്ടായ കുതിച്ചുചാട്ടം ആന്ധ്രയിലെ വിളക്കുറവിന്റെ പ്രതിഫലനമാണ്. പച്ചക്കറിവിലയും തീപിടിച്ചു തുടങ്ങി. നെല്ലിനുപുറമെ ചോളം, പരുത്തി, കരിമ്പ്, ഏത്തപ്പഴം, നിലക്കടല തുടങ്ങിയവയുടെ ഉൽപ്പാദനം കുറഞ്ഞത് കേരളത്തെ നേരിട്ടുതന്നെ ബാധിച്ചു. തമിഴ്നാട്ടിൽ മൊത്തം നെല്ലുൽപ്പാദനത്തിന്റെ മൂന്നിലൊന്നും വിളയിക്കുന്ന കാവേരിതടം പൂർണമായും തരിശിടപ്പെട്ടു. രണ്ട് വിളവെടുപ്പ് നടത്തുന്ന 12 ലക്ഷത്തിലേറെ ഏക്കറാണ് വരണ്ടുണങ്ങിയത്. തമിഴ്നാട്ടിൽ മുൻ വർഷം 11,82,000 ഹെക്ടറിൽ കൃഷിയിറക്കിയെങ്കിൽ ഈ വർഷം 7,18,000 ഹെക്ടറിൽ മാത്രമേ കൃഷിയിറക്കാനായുള്ളൂ. ഡാമുകൾ വറ്റിവരണ്ടു. ചെന്നൈ നഗരം ഉൾപ്പെടെ രൂക്ഷമായ കുടിവെള്ളക്ഷാമത്തിന്റെ പിടിയിലാണ്. കർഷകർ കാലികളെ കിട്ടിയ വിലയ്ക്ക് വിൽക്കുകയാണ്. അവ തീറ്റയും വെള്ളവും കിട്ടാതെ ചത്തുവീഴുംമുമ്പ് കൈയൊഴിയുകയാണ്. 120 കർഷകർക്ക് ഇതുവരെ ജീവൻ നഷ്ടപ്പെട്ടു. ഇടവപ്പാതിയിൽ ഗണ്യമായ മഴക്കുറവ് നേരിട്ട കേരളത്തെ തുലാവർഷം പൂർണമായും ചതിച്ചു. കേരളത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 30,000 ഹെക്ടറിൽ ഇത്തവണ കൃഷിയിറക്കാനായില്ലെന്നാണ് കേന്ദ്ര കൃഷി വകുപ്പിന്റെ കണക്ക്. മറ്റു വിളകളുടെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. ഭൂഗർഭ ജലവിതാനം മുമ്പില്ലാത്തവിധം താണു. ഭൂഗർഭ ജലസംഭരണം താഴുന്നതനുസരിച്ച് ഉപരിതലത്തിലുള്ള നനവും വൻതോതിൽ താഴാനാണ് സാധ്യത. ഇങ്ങനെവന്നാൽ പുൽച്ചെടികളെപോലും ദോഷമായി ബാധിക്കുമെന്നതാണ് സ്ഥിതി. ജലസംഭരണം 90 ശതമാനം വേണ്ട മാസങ്ങളിൽ 47 ശതമാനത്തിലേക്ക് കൂപ്പുകുത്തി. കൃഷി, പാലുൽപ്പാദനം, മുട്ട, ഇറച്ചിക്കോഴി ഇതിലെല്ലാം ഗണ്യമായ കുറവുവന്നു. ഉള്ള വിളവുകൾതന്നെ കീടങ്ങളുടെ ആക്രമണത്തിൽ നശിച്ചു. റബർ, നാളികേരം, കാപ്പി എന്നിവയ്ക്ക് വൻ തിരിച്ചടി നേരിട്ടു. കർണാടകത്തിൽ 175-ൽ 139 താലൂക്കുകളും വരൾച്ചയുടെ പിടിയിലായതോടെ വരൾച്ചബാധിത സംസ്ഥാനമായി നേരത്തെതന്നെ പ്രഖ്യാപിച്ചു.കഴിഞ്ഞ വർഷം കർണാടകയിൽ 32,000 ഹെക്ടർ സ്ഥലത്താണ് നെൽകൃഷിയിറക്കിയതെങ്കിൽ ഈ വർഷം അത് 21,000 ഹെക്ടറായി കുറഞ്ഞിരിക്കുകയാണ്. അവിടെ തന്നെ വേനൽ കാരണം മുഴുവൻ വിളവുമെടുക്കാനാകുമോ എന്ന ആശങ്കയുമുണ്ട്. കർണാടകയിൽ മുൻ വർഷം 16,88,000 ഹെക്ടറിൽ പയർ വർഗങ്ങൾ കൃഷിയിറക്കിയപ്പോൾ ഇത്തവണ അത് 11,79,000 ഹെക്ടറിലായി ചുരുങ്ങി. എന്നാൽ, അതീവ ഗുരുതരമായ ഈ സ്ഥിതിവിശേഷത്തെ നേരിടാൻ സംസ്ഥാനങ്ങൾക്ക് സ്വന്തം നിലയിൽ പരിമിതികളുണ്ട്. കടുത്തവേനലിൽനിന്ന് കന്നുകാലികളെ സംരക്ഷിക്കാൻ ആരംഭിക്കുന്ന താൽക്കാലിക കേന്ദ്രങ്ങൾ ശ്രദ്ധേയമാണ്. കന്നുകാലികളെ സംരക്ഷിക്കാനാകാതെ ഇറച്ചിവിലയ്ക്ക് വിൽക്കുന്ന സ്ഥിതിയാണ് മറ്റ് സംസ്ഥാനങ്ങളിൽ. എത്രയൊക്കെ തയ്യാറെടുപ്പ് നടത്തിയാലും അതീവ ജാഗ്രത ആവശ്യപ്പെടുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ജലസ്രോതസ്സുകളിലെ മലിനീകരണം വഴി പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടാനുള്ള സാധ്യതകളും തള്ളിക്കളയാനാകില്ല. വരൾച്ചയുടെ ആഘാതം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെല്ലാം ശക്തമായിക്കൊണ്ടിരിക്കെ വൈകാരികമായ നിലപാട് സംസ്ഥാനങ്ങൾ സ്വീകരിച്ചുകൂടാ. രാജ്യത്തിന്റെ വലിയൊരു ഭാഗത്തെ ഒന്നാകെ ബാധിക്കുന്ന പ്രശ്നമെന്ന നിലയിലും കേരളംപോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണനന നൽകിയും കേന്ദ്ര സർക്കാർ വരൾച്ചദുരിതത്തിൽ മാതൃകാപരമായി ഇടപെടേണ്ടതുണ്ട്. ഇനിയുള്ള കാലം വെള്ളം കരുതലോടെ കൈകാര്യം ചെയ്തില്ലെങ്കിൽ വെള്ളത്തിനായുള്ള യുദ്ധം എന്ന പ്രവചനം യാഥാർഥ്യമായേക്കും. ഇതു മനുഷ്യ ജീവന്റെ നിലനില്പിനെ തന്നെ സാരമായി ബാധിക്കും. ഇതിനു കാരണമാകുന്നത് ആഗോള താപനമാണ്. സൂര്യനിൽ നിന്നുമുള്ള ആപത്കരമായ കിരണങ്ങളെ തടഞ്ഞ് നിർത്തി ഭൂമിയിലെ ജീവജാലങ്ങളെയും അ

(ശേഷം പേജ് 3)

# യുഗാന്ത്യ സന്ദേശം

YUGANTHYA SANDESHAM

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05 - 02 - 2017

വാല്യം – 13 ലക്കം: 02 ഫെബ്രുവരി 2017 Annual Subscription RS. 100/-


## ഐ.പി.സി. കർണാടക ഗോവ സ്റ്റേറ്റ് കൺവെൻഷൻ


പാസ്റ്റർ ടി.ഡി. തോമസ്


പാസ്റ്റർ ജേക്കബ് ജോൺ


പാസ്റ്റർ വിൽസൺ ജോസഫ്


പാസ്റ്റർ കെ.സി ജോൺ


പാസ്റ്റർ സാം ജോർജ്


പാസ്റ്റർ ഫിലിപ്പ് പി. തോമസ്

**പാസ്റ്റർ ജോസഫ് ജോൺ**

**ബെംഗളൂരു :** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ (ഐ.പി.സി) കർണാടക-ഗോവ സ്റ്റേറ്റ് 30-ാമത് വാർഷിക കൺവെൻഷൻ ഫെബ്രുവരി 8 മുതൽ 12 വരെ ഹൊറമാവ്, അഗര ഐ.പി.സി ഹെഡ്ക്വാർട്ടേഴ്സ് ഗ്രൗണ്ടിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി. തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ജേക്കബ് ജോൺ, വിൽസൺ ജോസഫ്, കെ.സി.ജോൺ, സാം ജോർജ്, ഫിലിപ്പ് പി. തോമസ്, ഫിന്നി സാമുവേൽ, ടി.ഡി.തോമസ്, കെ.എസ്.ജോസഫ്, നൂറുദീൻമുള്ള, സാം സങ്കേശ്വർ, സിസ്റ്റർ സ്റ്റർല ലൂക്ക് എന്നിവർ പ്രസംഗിക്കും. ദിവസവും രാവിലെ 8 ന് ബൈബിൾ ക്ലാസ് 10 ന് പൊതുയോഗം, വൈകിട്ട് 6 ന് വാർഷീക കൺവെൻഷനും ഗാനശുശ്രൂഷയും നടക്കും. ബുധനാഴ്ച രാവിലെ നിർധനരായ യുവതികളുടെ സമൂഹവിവാഹം, വൈകിട്ട് 6 ന് വാർഷിക കൺവെൻഷനും ഗാനശുശ്രൂഷയും നടക്കും. വൈകിട്ട് 6 ന് കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. വ്യാഴാഴ്ച ഉച്ചയ്ക്ക് 2 ന് സഹോദരി സമാജം സമ്മേളനത്തിൽ സിസ്റ്റർ സ്റ്റെർല ലൂക്ക് പ്രസംഗിക്കും. വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 ന് ബൈബിൾ കോളേജ് വിദ്യാർത്ഥികൾക്ക് ബിരുദം നൽകും. ശനിയാഴ്ച ഉച്ചയ്ക്ക് സൺഡേസ്കൂൾ, പി.വൈ.പി.എ വാർഷീക സമ്മേളനം, സമാപന ദിവസമായ ഞായറാഴ്ച രാവിലെ 8.30 ന് ഗോവ, തമിഴ്നാട്, ആന്ധ്ര സംസ്ഥാനങ്ങളുടെ ഇതര ഭാഗങ്ങൾ ഉൾപ്പെടുന്ന 29 ജില്ലകളിൽ നിന്നുള്ള ശുശ്രൂഷകരും വിശ്വാസികളും പങ്കെടുക്കുന്ന സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടക്കും. പാസ്റ്റർമാരായ ഏബ്രഹാം മാത്യു വല്ല്യത്ത്, ജോസ് മാത്യു എന്നിവരുടെ നേതൃത്വത്തിൽ ഗായകൻ ബ്ലസൻ മേമനയും കൺവെൻഷൻ ക്വയറും ഗാനങ്ങൾ ആലപിക്കും. കർണാടക ഐ.പി.സി സെക്രട്ടറി പാസ്റ്റർ വർഗീസ് മാത്യു ജനറൽ കൺവീനർ പാസ്റ്റർ രാജൻ ജോൺ, ജോയിന്റ് കൺവീനർമാരായി പാസ്റ്റർ എ.വൈ.ബാബു ബ്രദർ ജോസ് വർഗീസ്, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ലാൻസൺ പി.മാത്യു എന്നിവർ കൺവെൻഷന് നേതൃത്വം നൽകും.

കൺവെൻഷൻ പ്രവർത്തനങ്ങൾക്കായ് വിവിധ കമ്മിറ്റികളിൽ കൺവീനർമാരായി പാസ്റ്റർമാരായ ടി.എസ്.മാത്യു, കെ.വി.ജോസ്, ടി. എം.ദാനിയേൽ, ഷാജി ജോസഫ്, ഏബ്രഹാം മാത്യു, സി.പി.ശാമുവേൽ എന്നിവരും സഹോദരന്മാരായ ജോർജ് ജോസഫ്, ബിജു ടി.പാറേൽ, എബി പി.ജോയ്, വൈ.തങ്കച്ചൻ, ഷാജി ടി.പാറേൽ, ജോയ് പാപ്പച്ചൻ, സ്റ്റേറ്റ് ട്രഷറർ ഇ.വി.സോമൻ, പി.ഒ.രാജൻ, സാലു ജി.പാറേൽ എന്നിവർ പ്രവർത്തിക്കുന്നു. കർണാടകസ്റ്റേറ്റ് ഐ.പി.സിയിൽ 430 സഭകളും 520 ശുശ്രൂഷകരും പ്രവർത്തിക്കുന്നു. കൺവെൻഷന് മുന്നോടിയായ് ജനുവരി 30 മുതൽ ഫെബ്രുവരി 4 വരെ പാസ്റ്റർ ടി.എസ്മാത്യുവിന്റെ നേതൃത്വത്തിൽ രാവിലെയും വൈകിട്ടും കൺവെൻഷൻ ഗ്രൗണ്ടിൽ ഉപവാസ പ്രാർത്ഥന നടക്കും.

## പുസ്തകപ്രകാശനം




സിസ്റ്റർ ബിൻസി ലിവിംഗ്സ്റ്റൻ രചിച്ച "ശ്രദ്ധേയരായ സ്ത്രീകൾ" എന്ന ഗ്രന്ഥം ദിലിവിംഗ്വേ മിനിസ്ട്രീസ് മുംബൈ പ്രസിദ്ധീകരിച്ചു. എസ്.ഐ.ഏ.ജി വെസ്റ്റേൺ ഡിസ്ട്രിക്ട് കൗൺസിൽ ഓഫ് മഹാരാഷ്ട്ര സൂപ്രണ്ടായിരിക്കുന്ന റവ.വി.ഐ.യോഹന്നാൻ പുസ്തകം പ്രകാശാനം ചെയ്തു. പാസ്റ്റർ ജോൺസൺ മേമന ഈ യോഗത്തിന്റെ മുഖ്യാതിഥിയായിരുന്നു.

## കൊടുംവരൾച്ചയും ഭക്ഷ്യക്ഷാമവും

(2-ാം പേജ് തുടർച്ച)

പകടത്തിൽ നിന്നും സംരക്ഷിക്കുന്നത് ഭൂമിയെ പൊതിഞ്ഞ് നില കൊള്ളുന്ന കാന്തികവലയമാണ്. അതിൽ കാർബണിന്റെ അംശം കൂടുന്നതിനാൽ അത് ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. അതെല്ലാം വിശുദ്ധ വേദപുസ്തക പ്രവചനങ്ങളെ ശരിവയ്ക്കുന്ന തലത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു. വെളിപ്പാട് പുസ്തകത്തിലും യേശുക്രിസ്തുവിന്റെ ഒലിവുമല പ്രഭാഷണത്തിലും പറയുന്ന പ്രവചനങ്ങൾ നിവൃത്തീകരിക്കപ്പെടുന്നു. ക്ഷാമം, ഭൂകമ്പം, ഭക്ഷ്യക്ഷാമം, കഠിനമായ ചൂട് എന്നിവയെല്ലാം മനുഷ്യർ അഭിമുഖികരിക്കുമ്പോൾ നാം കാത്തിരുക്കുന്ന യേശുക്രിസ്തുവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്ന അതിനായ് നമുക്ക് ഒരുങ്ങാം.

## വെബ്സൈറ്റ് ഉദ്ഘാടനം

**മാമംഗലം:** ചർച്ച് ഓഫ് ഗോഡ് മാമംഗലം പ്രാദേശിക സഭാ വെബ്സൈറ്റ് സഭാശുശ്രൂഷകൻ പാസ്റ്റർ എ.റ്റി.ജോസഫ് ഉദ്ഘാടനം ചെയ്തു. www.-cogm.in എന്നതാണ് അഡ്രസ്സ്.

കൂടുതൽ വിവരങ്ങൾക്ക്
9446962865.

## യൂത്ത് ക്യാമ്പ്

ചർച്ച് ഓഫ് ഗോഡ് കർണ്ണാടക സ്റ്റേറ്റ് 2017 യൂത്ത് ക്യാമ്പ് ഏപ്രിൽ 13,14,15 തീയതികളിൽ ബാംഗ്ലൂർ നന്തിഹിൽ ഗ്ലോറിയസ് ക്യാമ്പസിൽ വച്ച് നടക്കുന്നതാണ്.

## നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ്: പ്രമോഷണൽ യോഗങ്ങൾ

**നിബു വെള്ളവന്താനം**

**ഹൂസ്റ്റൺ:** നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫ്രൻസ് പ്രമോഷണൽ യോഗങ്ങൾ ജനുവരി 28ന് വൈകിട്ട് 6 മണിക്ക് ചാറ്റനൂഗ ചർച്ച് ഓഫ് ഗോഡ് സഭാഹാളിലും 29 ഞായറാഴ്ച അറ്റ്ലാന്റ ദൈവസഭാ ഹാളിലും നടന്നു.

ജൂലൈ 13 മുതൽ 16 വരെ ഹൂസ്റ്റൺ ഹിൽട്ടൺ ഹോട്ടൽ സമുച്ചയത്തിൽ വെച്ച് നടത്തപ്പെടുന്ന നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫ്രൻസിൽ അനുഗ്രഹിത കൺവെൻഷൻ പ്രഭാഷകർ ദൈവവചനം പ്രസംഗിക്കും. റവ. മാത്യു.കെ ഫിലിപ്പ് (പ്രസിഡന്റ്), റവ. ബെഞ്ചമിൻ തോമസ് (വൈസ് പ്രസിഡന്റ്), ബ്രദർ ബിജു തോമസ് (സെക്രട്ടറി). ബ്രദർ ബിനോയി മാത്യു (ട്രഷറാർ), ബ്രദർ റോബിൻ മാത്യു (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ ജോളി ജോസഫ് (ലേഡീസ് കോർഡിനേറ്റർ) എന്നിവർ മഹാസമ്മേളനത്തിനു നേതൃത്വം നൽകും.

## പാസ്റ്റേഴ്സ് കോൺഫ്രൻസ്

**ബാംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് കർണ്ണാടകാ സ്റ്റേറ്റ് പാസ്റ്റേഴ്സ് കോൺഫ്രൻസ് ഫെബ്രുവരി 23,24 തീയതികളിൽ ബാംഗ്ലൂർ കോത്തനൂർ ദോഡാ ഗുബി റോഡിൽ KRC ക്ക് എതിർവശത്തുള്ള കാമ്പസ് ക്രൂസേഡിൽ വച്ച് നടക്കും. 'ഫലകരമായ ശുശ്രൂഷ' എന്നതാണ് കോൺഫ്രൻസ് തീം. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി നേതൃത്വം കൊടുക്കും.

## ഉപവാസവും ഉണർവ്വ് യോഗങ്ങളും



**മാംമംഗലം :** ഫെബ്രുവരി 6 മുതൽ 26 വരെ മാംമംഗലം ചർച്ച് ഓഫ് ഗോഡ് സഭയിൽ വച്ച് നടക്കും. സ്പെഷ്യൽ ബൈബിൾ ക്ലാസ്, കൗൺസലിംഗ്, ആരാധന, വചനശുശ്രൂഷ, ഗ്രൂപ്പ് പ്രെയർ, കൃപാവര ശുശ്രൂഷകൾ എന്നിവ ഉണ്ടായിരിക്കും. റവ.സി.സി.തോമസ്, സ്റ്റേറ്റ് ഓവർസിയർ റവ.പി.ഐ.ഏബ്രഹാം, പാസ്റ്റേഴ്സ് പി.ആർ.ബേബി, പി.സി.ചെറിയാൻ, എബി എബ്രഹാം പത്തനാപുരം, റെജി ശാസ്താംകോട്ട, അനീഷ് കാവാലം, ബിജു മുളവന, പി.സി.ഏബ്രഹാം, ബെന്നി മുക്കൂട്ടുതറ, വൈ. റെജി തുടങ്ങിയ അനുഗ്രഹീതരായ ദൈവദാസന്മാർ എല്ലാ ദിവസവും ശുശ്രൂഷിക്കുന്നു. രാവിലെ 10.30 നും ഉച്ചയ്ക്ക് ശേഷം 3.30 നും രാത്രി 6.30 നും യോഗങ്ങൾ ഉണ്ടായിരിക്കും. പാസ്റ്റർ എ.റ്റി.ജോസഫ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

**കൂടുതൽ വിവരങ്ങൾക്ക്**
**9446962865, 949508087**

## പെർസിക്ക്യൂഷൻ റിലീഫ് പ്രവർത്തകർ എ.ജി കൺവൻഷനിൽ




പുനലൂർ: ഭാരതത്തിൽ ക്രിസ്തുനാമം നിമിത്തം പീഡിപ്പിക്കപ്പെടുന്നവരുടെ ആശ്വാസത്തിനും വിടുതലിനും വേണ്ടി ദൈവനാമ പ്രേരണയാൽ തുടക്കംകുറിച്ച് ഇതിനോടകം എണ്ണമറ്റ ഇടങ്ങളിൽ അനേകർക്ക് ആശ്വാസവും തണലുമായി തീർന്ന പെർസിക്ക്യൂഷൻ റിലീഫ് എന്ന സംഘടന കുമ്പനാട് തുടങ്ങിയ സഭാസംഘടനകളുടെ മഹായോഗ വേദികളിൽ സാക്ഷ്യം വഹിക്കുകയും അനേകർക്ക് ആത്മധൈര്യം പകരുകയും ചെയ്തിട്ടുണ്ട്. ഇത്തവണ എ.ജി മലയാളം ഡിസ്ട്രിക്ട് കൺവൻഷനിൽ 20-ാം തീയതി രാത്രിയിൽ അരമണിക്കൂറിൽ അധികം സമയം കർതൃനാമം നിമിത്തം കൊലചെയ്യപ്പെട്ട യൊഹാൻമാരിയായുടെ ഭാര്യ ഉൾപ്പെടെ അനേകരെ ഉൾപ്പെടുത്തി നടത്തിയ മീറ്റിംഗ് മലയാളി മനസ്സിൽ മറക്കാൻ കഴിയാത്ത അനുഭവമായി മാറി. നിറകണ്ണുകളോടെയാണ് വന്നുകൂടിയ ജനാവലി ഈ ആത്മീക മുഹൂർത്തത്തിന് സാക്ഷ്യം വഹിച്ചത്. സുവിശേഷ മഹായോഗത്തിന് പങ്കെടുത്തവരുടെ മുമ്പിൽ സാക്ഷ്യം വഹിച്ചത് പീഡിപ്പിക്കപ്പെട്ടവരുടെ കുടുംബത്തിന് ആത്മധൈര്യം പകർന്ന് നൽകി. ഇത്തരത്തിൽ പ്രധാനപ്പെട്ട സമയം അനുവദിച്ചതിന് സൂപ്രണ്ട് പാസ്റ്റർ റ്റി.ജെ ശമുവേലിനോടും അസി.സൂപ്രണ്ട് പാസ്റ്റർ പി.എസ് ഫിലിപ്പിനോടും മുഴുവൻ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഈ യോഗം തൽസമയം സംപ്രേഷണം ചെയ്ത ഹാർവെസ്റ്റ് മീഡിയായ്ക്കും പെർസിക്യൂഷന്റെ ഫൗണ്ടർ പ്രസിഡന്റ് സുവി.ഷിബു തോമസ് നന്ദി അറിയിച്ചു. പ്രതികൂലം മാറാൻ അല്ല അതിൽ ആത്മധൈര്യത്തോടെ നിലകൊള്ളാൻ ദൈവജനം പ്രവർത്തിക്കണം എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. പെർസിക്ക്യൂഷൻ ഇന്ത്യാകോർഡിനേറ്റർ തോംസൺ തോമസ്, പാ. ഷാജി, പാ.സാബു എന്നിവർ പെർസിക്ക്യൂഷൻ ഫൗണ്ടർ സുവി.ഷിബു തോമസിനോടൊപ്പം പങ്കെടുത്തു.

# “ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടു വരുവീൻ”



ഇവാ.കുര്യൻ കെ.രാജു

സുവിശേഷ യുഗത്തിന്റെ ആരംഭം മുതൽ വർത്തമാന കാലയുഗമായ ഈ ആധുനീകയുഗത്തിൽ, യുഗാന്ത്യകാലം എന്നു നാമും, ലോകവും, ശാസ്ത്രവുമെല്ലാം സമ്മതിക്കുന്ന ഈ അന്ത്യകാലത്ത് കർത്താവായ യേശുക്രിസ്തു നമ്മോടു ആവശ്യപ്പെടുന്നു “ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടുവരുവീൻ”.

പ്രവാചക ദൂതുകൾക്ക് ഫലപ്രാപ്തി വരുത്തികൊണ്ട് ഇന്നേക്ക് രണ്ടു സഹസ്രാബ്ദങ്ങൾക്കപ്പുറം ബേത്ലഹേമിലെ കാലിത്തൊഴുത്തിൽ ഭൂജാതനായ ഒരു ശിശുവിനെപ്പറ്റിയും അതിന്റെ ആഘോഷതിമിർപ്പുകളും, ആനന്ദഘോഷങ്ങളും നമ്മെ വിട്ടകന്നിട്ട് അധികം ദിനങ്ങളായിട്ടില്ല. എന്നിട്ടെത്ര പേരുടെ ഉള്ളിൽ ക്രിസ്തു ഭൂജാതനായി എന്ന് എനിക്കറിയില്ല. എങ്കിലും ആഘോഷങ്ങൾക്കും, ആചാരങ്ങൾക്കും ഒരു കുറവും വന്നിട്ടില്ല. അതു തുടർന്നും നടക്കട്ടെ. അങ്ങനെയെങ്കിലും യേശു ഈ ഭൂമിയിൽ ജനിച്ചിരുന്ന വിവരം ലോകം ഒന്ന് ഓർക്കട്ടെ.

യേശുക്രിസ്തു വളർന്ന് യൗവ്വന പ്രായമെത്തിയപ്പോൾ തന്റെ പിതാവ് തന്നിലേല്പിച്ച ദൗത്യം ഒന്നുപോലും വിടാതെ, എല്ലാ തിരുവെഴുത്തുകളും നിവൃത്തി വരുത്തിയിട്ട് അവൻ കടന്നുപോയി. കടന്നുപോയി എന്ന് ചുമ്മാതങ്ങു പറഞ്ഞാൽ തീരുന്നതാണോ ആ പോക്ക്. ആ പോക്കിനൊരു മാധുര്യമുണ്ടായിരുന്നു, ഒരു അത്ഭുതമുണ്ടായിരുന്നു, ചുറ്റും നിന്ന ശിഷ്യഗണങ്ങൾക്ക് ആനന്ദം പകരുന്ന ഒരു സ്വർഗീയ അനുഭവം മാത്രമല്ല വലിയൊരു നിയോഗവും, അല്ല ഒരു അസാധാരണ ചുമതലയും ഏല്പിച്ചിട്ടാണ് യേശു കടന്നുപോയതു. മറ്റൊന്നു മല്ല “കാത്തിരുന്ന് പരിശുദ്ധാത്മാവിനെ പ്രാപിക്കണമെന്നും, ആ സ്വർഗ്ഗീയ ശക്തി പ്രാപിച്ചശേഷം യരുശലേം മുതൽ ഭൂമിയുടെ അറ്റത്തോളം തന്റെ സുവിശേഷത്തിന് സാക്ഷികളായി ശിഷ്യഗണങ്ങളെ സഭയോടു ചേർക്കുക എന്നുള്ള സ്വർഗ്ഗീയ കല്പന.”

എന്നാൽ വീണ്ടെടുക്കപ്പെട്ട, തെരഞ്ഞെടുക്കപ്പെട്ട കൂട്ടത്തിന് ഇടയ്ക്കിടയ്ക്ക് വേദപണ്ഡിതന്മാരുടെ ഭാഷയിൽ പറഞ്ഞാൽ ഒരു ‘ബ്രായ്ക്കറ്റ് പീരിയഡുണ്ടായിരുന്നു’ (എന്നു പറഞ്ഞാൽ ദൈവ സാന്നിദ്ധ്യമില്ലാത്ത അവസ്ഥ). പുതിയനിയമ സഭയും തുടങ്ങിയ ഉടൻ വളരെ കുറച്ചുദിവസം ഒരു ബ്രാക്കറ്റു പീരിയേഡിൽ കൂടി കടന്നു പോയി. കർത്താവു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ തന്നെ പ്രവർത്തനം തുടങ്ങിയ ക്രിസ്തു എന്ന മൂലക്കല്ലിൽ അടിസ്ഥാനമിട്ട പുതിയ നിയമസഭ 12 അപ്പോസ്തലന്മാരെ ആണിക്കല്ലുകളായും വിശ്വസിച്ച കൂട്ടത്തെ സഭയെന്ന കെട്ടിടമായും പണി തുടങ്ങി. എങ്കിലും ക്രിസ്തുവിന്റെ ക്രൂശുമരണം അപ്പോസ്തലന്മാരെ ആശയറ്റവരും, ഭീതിയുള്ളവരുമാക്കി. അത് അവരെ സ്വന്ത താല്പര്യങ്ങളിലേക്കും ഒരു പിന്മാറ്റ അവസ്ഥയിലേക്കും കൊണ്ടെത്തിച്ചു.

കർത്താവു മരിച്ചിട്ടുയിർത്തെഴുന്നേറ്റു എന്ന് തന്റെ ദർശന സമീപ്യത്തിൽ ഉറപ്പു പ്രാപിച്ച ശിഷ്യഗണങ്ങൾ ഇപ്പോൾ പഴയ തൊഴിലിലേക്കിറങ്ങിയിരിക്കുന്നു. യോഹന്നാന്റെ സുവിശേഷം 21-ാം അദ്ധ്യായം പഠിക്കുമ്പോൾ മൂന്നാംവാക്യം മുതൽ ഉയിർത്തെഴുന്നേറ്റ കർത്താവിനെ നേരിൽക്കണ്ട ‘വിശ്വാസ സമൂഹം’ ഏതാനും മണിക്കൂറുകൾക്കുള്ളിൽ പിന്മാറ്റത്തിലേക്കും പഴയ തൊഴിലിലേക്കും കടന്നുപോയെങ്കിൽ ഇന്നത്തെ നമ്മുടെ “വിശ്വാസ സമൂഹത്തെ” കുറ്റം പറഞ്ഞിട്ടു കാര്യമുണ്ടോ എന്നാവും മാന്യവായനക്കാർ കരുതുക. ശരിയാണ് അവർ പോയി എന്നാൽ അധിക മണിക്കൂറുകൾ ആ പിന്മാറ്റത്തിലിരിക്കുവാൻ നമ്മുടെ നാഥൻ അവരെ സമ്മതിച്ചില്ല. അവരെ മടക്കി വരുത്തി സഭയുടെ കെട്ടുപണിയും ഭരമേല്പിച്ചു.

എന്നാൽ ഈ സംഗതികൾ ഒക്കെയും പുൾപിറ്റുകളിൽ അലറിവിളിച്ചും അതിന് അതേ വീറോടെ “ആമേൻ” പറയുകയും ചെയ്യുന്ന വിശ്വാസ സമൂഹത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്ത്? മിക്കപേരും “വള്ളവും വലയു”മെന്ന പഴയ തൊഴിൽ അന്വേഷിച്ചു പോയോ? എന്നിട്ടു വല്ലതും നേടിയോ? ശിഷ്യന്മാർക്ക് പറ്റിയതുപോലെ കഠിനാദ്ധ്വാനവും, നിരാശയുമോ ഫലം? അല്പസല്പം വഴിവിട്ട രീതിയിൽ സമ്പാദിക്കാൻ പോയവർക്കൊക്കെ നിന്ദയും, കഷ്ടതയും, പഴിയും, നിരാശയും ദുഃഖവുമൊക്കെയല്ലേ ഫലങ്ങൾ. ഒരു സ്വയവിമർശനത്തിന്റെ സമയം അതിക്രമിച്ചില്ലേ? സുവിശേഷ സഭ അതിന്റെ ദൗത്യത്തിൽ നിന്നും മാറിപ്പോയി ജനസമുദായക്കടലിൽ പരതുകയല്ലേ? ഉപജീവനത്തിനുപോയ കത്തു ശിഷ്യന്മാരെപ്പോലെ, രണ്ടും, മൂന്നും, നാലും യാമങ്ങൾ ഉണർന്നിരുന്ന്, സ്വന്തം സ്ഥാനമാനങ്ങൾക്കും, സാമ്പത്തിക നേട്ടത്തിനും, വചനവിരുദ്ധകാര്യങ്ങൾക്കും, ലോകമോഹങ്ങൾക്കും വേണ്ടി ചൂക്കാൻ പിടിക്കുകയല്ലേ?

അന്നു ശിഷ്യന്മാരുടെയടുത്ത് നാലാംയാമത്തിനൊടുവിൽ വന്ന കർത്താവു അവരോടു ആവശ്യപ്പെട്ടത് “ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടുവരുവീൻ” എന്നാണ്. മുമ്പു പിടിച്ചതും ജീവനില്ലാത്തതുമായ മീനല്ല വേണ്ടിയത്. “ഇപ്പോൾ പിടിച്ചതും ജീവനുള്ളതുമായ മീനുകൾ”. പഴയ കണക്കുകളും സ്റ്റോക്കും ഒന്നും കർത്താവിനു വേണ്ട അതവനറിയാം. ഇപ്പോൾ പിടിച്ചതു കൊണ്ടുവരാൻ പറയുമ്പോൾ നമ്മൾ “പിടിച്ചതും, കൈവശമാക്കിയതുമൊക്കെ” നാഥന്റെ മുന്നിൽ കൊണ്ടു ചെല്ലാൻ പരുവത്തിലുള്ളതാണോ?

ഒരു പുനർചിന്തനത്തിനു സമയമായില്ലേ? നാലാം യാമവും അവസാനിക്കാറായി. “അവൻ” നമ്മെ കാത്തിരിക്കുന്നത്. നമുക്കു വേണ്ടതെല്ലാം ഒരുക്കി വെച്ചിട്ടാണ്. ഇപ്പോഴുള്ള നിന്റെ അവസ്ഥ ശിഷ്യന്മാരുടേതുപോലെയാണോ? വിഷമിക്കേണ്ട പഴയതിനെ മറന്നു കളഞ്ഞേക്കൂ. എന്നിട്ട് കർത്താവിനോട് നിരപ്പു പ്രാപിക്ക്. അപ്പോൾ അവന്റെ മുന്നിൽ കൊണ്ടു ചെല്ലാൻ പാകത്തിലുള്ള മീൻ എവിടെയുണ്ടെന്ന് അവൻ പറഞ്ഞു തരും. അതിനെ പിടിക്ക് എന്നിട്ട് അവൻ ചോദിക്കുമ്പോൾ ചലിക്കുന്നതും, ജീവനുള്ളതുമായ, ചെറിയതല്ല വലിയ മീനുകളെത്തന്നെ അവന്റെ മുമ്പിൽ കൊണ്ടു വരാം. ഒരു മടങ്ങി വരവ് ദൈവം ആഗ്രഹിക്കുന്നു. മാത്രമല്ല അവൻ നിന്നോടും എന്നോടും പറയുന്നു. “ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടു വരുവീൻ” എന്ന്.

പ്രിയ സഹോദരങ്ങളെ, നമുക്കൊരുങ്ങാം പുതിയ മീനുകളെ കർത്താവിനായ് പിടിക്കുവാൻ. പുതിയതിനെ മാത്രമല്ല നേരത്തെ പിടിച്ച മീനുകളെ ചലിക്കുന്നതും ജീവനുള്ളതുമാക്കി നിലനിർത്തി പുതിയ മീനിനോടൊപ്പം നമ്മുടെ കർത്താവിന് കൈമാറാൻ. ആയതിന് ദൈവം നമ്മെ ഒരുക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## പാസ്റ്റേഴ്സ് കുടുംബ സംഗമം

**ആയൂർ:** കളങ്കമില്ലാത്ത വിശ്വാസത്താൽ ദൈവകൃപയുടെ നന്മകളെ അനുഭവിക്കുവാൻ കഴിയുമെന്ന് ഐ.പി.സി ആയൂർ ഡിസ്ട്രിക്ട് പ്രസിഡന്റ് പാസ്റ്റർ വർഗീസ് മത്തായി പറഞ്ഞു. ഇന്ത്യൻ പെന്തക്കോസ്തു ദൈവസഭ ആയൂർ ഡിസ്ട്രിക്ട് പാസ്റ്റേഴ്സ് കുടുംബസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദൈവത്തെ അടുത്തറിയാനും ദൈവീക നന്മകളെ അനുഭവിക്കാനുമുള്ള മനുഷ്യന്റെ ആറാമത്തെ ഇന്ദ്രിയമാണ് വിശ്വാസം. ദൈവത്തെ വിശ്വസിക്കുന്നവർ പൂർണമായി, നിർവ്യാജമായി വിശ്വസിക്കണം പാസ്റ്റർ വർഗീസ് മത്തായി തുടർന്നു പറഞ്ഞു.

വയ്ക്കൽ ഐ.പി.സി ഗിൽഹാൽ ഹാളിൽ പാസ്റ്റർ പി.ഐ ഏബ്രാഹാമിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാസ്റ്റർ ആന്റണി ചാക്കോ പ്രസംഗിച്ചു.

## ഗുഡ് ന്യൂസ് ബൈബിൾ കൺവൻഷൻ

**കീഴില്ലം:** പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ ഗുഡ് ന്യൂസ് ബൈബിൾ കൺവൻഷൻ ജനുവരി 30, ഫെബ്രുവരി 1, 2 എന്നീ തിയ്യതികളിൽ സെമിനാരി ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടും. അഭിഷിക്ത ദൈവ ദാസന്മാർ വചനത്തിൽ നിന്നും സംസാരിക്കുന്നു.

## പൂർവ്വ വിദ്യാർത്ഥി സമ്മേളനം

**കീഴില്ലം:** പെനിയേൽ ബൈബിൾ സെമിനാരിയുടെ പൂർവ്വ വിദ്യാർത്ഥി സമ്മേളനം ഫെബ്രുവരി 3ന് വൈകിട്ട് 4 മണിക്ക് സെമിനാരി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.

### അല്പം പാചകം

## മട്ടൺസ്റ്റൂ ഉണ്ടാക്കുന്നവിധം

1. മട്ടൺ - അരകിലോ
2. സവാള - 150 ഗ്രാം
3. ഇഞ്ചി - 1 കക്ഷണം
4. പച്ചമുളക് - 5 എണ്ണം
5. വെളുത്തുള്ളി - 10 അല്ലി
6. കറിവേപ്പില - രണ്ട് തണ്ട്
7. ഉരുളൻകിഴങ്ങ് - 250 ഗ്രാം
8. തേങ്ങ - 1 എണ്ണം
9. എണ്ണ - 100 ഗ്രാം
10. ഗ്രാമ്പു - 10 എണ്ണം
11. ഏലക്ക - 5 എണ്ണം
12. കറുവാപ്പട്ട - 1 കക്ഷണം
13. വിന്നാഗരി - 2 ടീസ്പൂൺ
14. മൈദ - 2 ടീസ്പൂൺ
15. ഉപ്പ് - പാകത്തിന്



**പാചകം ചെയ്യുന്നവിധം**

ആദ്യമായി മസാല എണ്ണയിൽ വഴറ്റികോരണം. ശേഷിച്ച എണ്ണയിൽ മൈദയിട്ട് മൂക്കുമ്പോൾ ഇറച്ചി വഴറ്റണം. തേങ്ങ ചിരണ്ടി പിഴിഞ്ഞ് ഒന്നാം പാലും, 3 കപ്പ് രണ്ടാം പാലും എടുക്കണം. ഇതിൽ രണ്ടാം പാൽ ഇറച്ചിയിൽ ഒഴിക്കുക. എന്നിട്ട് വിന്നാഗിരിയും, പാകത്തിന് ഉപ്പും കൂടി കലർത്തി വേവിക്കണം. ഇറച്ചി പകുതി വേവുമ്പോൾ വഴറ്റി വച്ചിരിക്കുന്ന മസാല ഉരുളൻകിഴങ്ങ് എന്നിവചേർത്ത് പാത്രം മൂടി വച്ച് വേവിക്കണം. ചാറു കുറുകുമ്പോൾ ഒന്നാം പാൽ ചേർത്ത് ചൂടാക്കി ഇറക്കിവച്ച് ഉപയോഗിക്കുക.

### അറിഞ്ഞിരിക്കേണ്ടത്

## ഒറ്റമൂലി – പൈൽസ്

1. ഒരു മാസം മുഴുവൻ അന്നം കഴിക്കാതെ മോര് അനുപാതമായിട്ട് കാട്ടു ചേന വേവിച്ച് തിന്നണം. അർശ്ശസ് നിശേഷം മാറും.
2. കൂവപ്പൊടി, പഞ്ചസാര, ചുക്കുപൊടി ഇവ മൂന്നും അല്പം കടുക്കാപ്പൊടി ഇവയെല്ലാം കൂട്ടി ശർക്കരയിൽ ചേർത്ത് ലേഹ്യമാക്കി ഭക്ഷിച്ചാൽ അർശ്ശസ് ശമിക്കും.
3. വെള്ളം ചേർക്കാതെ ഒരു നാളീകേരം ചുരണ്ടിയെടുത്ത് പാൽപിഴിഞ്ഞ് അതിൽ കുറെ പച്ചരിയും ചുവന്നുള്ളിയും ഇട്ട് വേവിച്ച് കഴിക്കുക ആഴ്ചയിൽ രണ്ടു പ്രാവശ്യം മതി.
4. തൊട്ടാവാടി പറിച്ച് പൂക്കൾ നീക്കി കഷായം വെച്ചോ, കഞ്ഞിയിൽ വേവിച്ചോ, ദിവസം ഒരു നേരം വീതം ഒരാഴ്ച കഴിക്കുക.
5. പാവലിന്റെ വേരും, ചന്ദനവും കൂടി അരച്ച് മോരിൽ കഴിക്കുക.
6. വേപ്പിലകുരു അരച്ചുരുട്ടി ശർക്കരയിൽ ചേർത്തുരുട്ടി തുടർച്ചയായി ഒരാഴ്ച കഴിക്കുക.
7. വാളൻ പുളിയുടെ പൂക്കൾ ഇടിച്ച് പിഴിഞ്ഞ നീര് അര സ്പൂൺ വീതം രണ്ടു നേരം കഴിക്കുക.
8. ധാരാളം വെള്ളം ചേർത്ത പശുവിൻ മോര് അരിച്ച് അതിൽ രണ്ടുതുള്ളി ഉമ്മത്തിനിലയചാറ് ചേർത്ത് കഴിക്കുക.
9. ചുവന്നുള്ളി അരിഞ്ഞ് പാലിൽ ചേർത്ത് കാച്ചികുടിക്കുക.
10. എള്ളരച്ച് പാലിൽ കഴിക്കുക.



Church of God in India

KARNATAKA STATE CONVENTION

2017 from October 18 to 22

at Banglore India Campus

Crusade for Christ Auditorium

Church of God in India

KARNATAKA STATE Y.P.E CAMP

2017 April 13,14,15


at Bangalore Nandi Hills

Glorious Promise Land



*All are Welcome*

# ആത്മീയരസം നഷ്ടപ്പെടുത്തരുത്



പാസ്റ്റർ പി.പി.കുര്യൻ

അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവർ ആയിരുന്ന നമ്മെ ഓരോരുത്തരേയും ആത്മീയ ജീവൻ തന്നു ദൈവം ഉയിർപ്പിച്ചു. മുമ്പേ ജഡമോഹങ്ങളിൽ നടന്നും, ജഢത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തു കൊണ്ട് മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു. ദൈവത്തിന്റെ മഹാസ്നേഹം നിമിത്തം കൃപയാൽ നമുക്കു രക്ഷിക്കപ്പെടുവാൻ ഇടയാക്കി. അനന്തരം ജീവൻ പകർന്നു തന്നതു പോലെ ആത്മീയ രസവും തന്നു നമ്മെ ഓരോരുത്തരേയും സന്തോഷിപ്പിച്ചു. എന്നാൽ എങ്ങനെ ഒരുവനിൽ നിന്നും ആത്മീക രസം നഷ്ടമായി എന്ന് തുടർന്നു ചിന്തിക്കാം.

ഒരു ആത്മീകന്റെ 3 തരത്തിലുള്ള ശത്രു ആണ് ജഢമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം, സാത്താൻ ഈ തരം പന്തുകൾ ഇട്ടു ആണ് ഓരോ ആത്മീകനേയും തട്ടുന്നത്. ഒരുവന്റെ മേൽ പരിശുദ്ധാത്മശക്തി വരുമ്പോൾ അതു പ്രകടമായി കാണുവാൻ സാധിക്കും. ചലനങ്ങൾ ശബ്ദങ്ങൾ ഇങ്ങനെ പ്രകടമായി പലതും കാണുവാൻ സാധിക്കും. എന്നാൽ ആത്മാവ് ചോർന്നു പോകുന്നത് തിരിച്ചറിയുന്നില്ല. ഒരുവന്റെ ആത്മീക രസം നഷ്ടപ്പെട്ട് എന്നുള്ളതിന് പ്രത്യക്ഷമായ തെളിവാണ് ലോകവും ആയി അനുരഞ്ജനത്തിന് പോകുന്നത്. ആത്മീക ആരാധനകളിൽ വിട്ടുവീഴ്ചക്കു ഒരുങ്ങുക, പരസ്പര ധാരണകളിൽ എത്തിച്ചേരുക, മദ്ധ്യസ്ഥാവലംബനം നടത്തുക എന്നിങ്ങനെയുള്ള വിഷയങ്ങൾ ഒരു ആത്മീകന്റെ ഭാഗത്തു നിന്നും ഉണ്ടായി തുടങ്ങുമ്പോൾ മനസ്സിലാക്കണം. അവനിൽ ഉള്ള ആത്മീക രസം നഷ്ടപ്പെട്ടു തുടങ്ങി എന്നു. ഇങ്ങനെ ആരംഭം കുറിച്ച ശേഷം ഒടുവിൽ ലോക മോഹങ്ങളിൽ കുടുങ്ങി അവിടെ ആടി തുടങ്ങും. സാത്താൻ ഉഴപ്പന്മാരെ അധികം നോട്ടം വെക്കുകയില്ല. ശീതോഷ്ണവന്മാരെ കർത്താവ് വായിൽ നിന്നും ഉമിണ് കളഞ്ഞതാണ് പിന്നെ ഇങ്ങനെയുള്ളവർ സാത്താന്റെ വലയത്തിൽ ആണ്? ചിലർക്കു ജഢമോഹം എങ്കിൽ അതിനുള്ള അവസരം സാത്താൻ ഒരുക്കികൊടുക്കും, ചിലർക്കും കൺമോഹം എങ്കിൽ അതിന്റെ എല്ലാമാർഗ്ഗരേഖകളും സാത്താൻ കൈമാറും. മറ്റ് ചിലർക്കു ജീവനത്തിന്റെ പ്രതാപം എങ്കിൽ അതിനുള്ള സിംഹാസനം ഒരുക്കി കൊടുക്കും.

ന്യായാധിപന്മാരുടെ പുസ്തകത്തിലെ ചില വിഷയങ്ങൾ ഇതിന് ഉദാഹരണം ആയി എടുത്തു കാട്ടുവാൻ താല്പര്യപ്പെടുന്നു. ന്യായ.9:8-15 വരെയുള്ള വാക്യങ്ങളിലൂടെ ഒരു ആത്മീകന്റെ ജീവിതത്തിൽ എന്ത് കൊണ്ട് ലോകത്തിലേക്ക് ഇറങ്ങി ആടുവാൻ പോകുന്നു എന്നുള്ളത് സാധനപാഠം ആയി നമ്മുക്കു ഓരോരുത്തർക്കും തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. വൃക്ഷങ്ങൾ എല്ലാം കൂടി തങ്ങൾക്ക് ഒരു രാജാവിനെ അഭിഷേകം ചെയ്യുവാൻ പോയ സംഭവം ആണ് പ്രസ്തുത വാക്യങ്ങളിലൂടെ കാണുവാൻ സാധിക്കുന്നത്. വൃക്ഷങ്ങൾ ഒലിവ് വൃക്ഷത്തിന്റെ അടുത്തു ചെന്ന് നീ ഞങ്ങൾക്കു രാജാവായിരിക്ക എന്നു പറഞ്ഞു. ഒലിവ് വൃക്ഷത്തിന്റെ മറുപടി ദൈവവും മനുഷ്യരും എന്നെ പുകഴ്ത്തുവാൻ ഹേതുവായിരിക്കുന്ന എന്റെ പുഷ്ടി ഉപേക്ഷിച്ചു. വൃക്ഷങ്ങളുടെ മേൽ ആടുവാൻ പോകുമോ എന്നു പറഞ്ഞു. വൃക്ഷങ്ങൾ അവിടെ നിന്നും മാറി അത്തിവൃക്ഷത്തിന്റെ അടുത്തു ചെന്നു ഞങ്ങൾക്ക് രാജാവായിരിക്കാമോ എന്നു ചോദിച്ചപ്പോൾ അത്തിയുടെ മറുപടി. 'എന്റെ മധുരവും വിശേഷപ്പെട്ട പഴവും ഞാൻ ഉപേക്ഷിച്ചു' വൃക്ഷങ്ങളുടെ മേൽ ആടുവാൻ പോകുമോ എന്നു ചോദിച്ചു. അനന്തരം വൃക്ഷങ്ങൾ എല്ലാം കൂടെ മുന്തിരിവള്ളിയുടെ അടുക്കൽ ചെന്നു ഞങ്ങൾക്കു രാജാവാകുമോ എന്നു ചോദിച്ചപ്പോൾ കിട്ടിയ മറുപടി. 'ദൈവത്തേയും മനുഷ്യരേയും ആനന്ദിപ്പിക്കുന്ന എന്റെ രസം ഞാൻ ഉപേക്ഷിച്ച് വൃക്ഷങ്ങളുടെ മേൽ ആടുവാൻ പോകുമോ എന്നു ചോദിച്ചു. മൂന്നു വ്യത്യസ്ഥങ്ങളായ അനുഭവങ്ങൾ ആണ് നമുക്കു ഇവിടെ കാണുവാൻ സാധിക്കുന്നത് ഒലിവ് പറയുന്നത്' ദൈവവും മനുഷ്യരും എന്നെ പുകഴ്ത്തുവാൻ ഹേതുവായിരിക്കുന്ന എന്റെ പുഷ്ടി. ദൈവം തന്നിരിക്കുന്ന പുഷ്ടി ഈ ലോകത്തിന്റെ മുമ്പിൽ അടിയറവെക്കുവാനല്ല നമ്മെ ഓരോരുത്തരേക്കുറിച്ചും ആഗ്രഹിക്കുന്നതു രണ്ട് കാര്യങ്ങളാണ് (1) നിന്റെ പുഷ്ടി കൊണ്ട് ദൈവത്തിനും, മനുഷ്യർക്കും ഒരു പോലെ പ്രയോജനപ്പെടണം. ആത്മീക പുഷ്ടിയിൽ നില്ക്കുന്ന ഒരുവന്റെ മുമ്പിൽ നിന്നു കൊണ്ട് സാത്താൻ ഞങ്ങൾക്കു നേതാവാകുക എന്ന് പറയും പോൾ ദൈവനിയോഗം ഇതിന്റെ പിന്നിൽ ഉണ്ടോ എന്നു നോക്കണം. അതല്ല എങ്കിൽ നിന്റെ പുഷ്ടി ഉപേക്ഷിച്ചായിരിക്കും ആടുവാൻ പോകുന്നത്. രണ്ടാമതായി അത്തിയുടെ അനുഭവം വിവരിക്കുന്നത്. എന്റെ മധുരം, എന്നിലൂടെ ഉണ്ടാകുന്ന വിശേഷപ്പെട്ട ഫലം. മറ്റുള്ളവരുടെ മുമ്പാകെ നീ വിശേഷപ്പെട്ടത് തന്നെയാണ്. നിന്നിലുള്ള മധുരം നഷ്ടപ്പെടുത്തി എങ്കിൽ മാത്രമേ ഈ ലോകത്തിലേക്കു ഇറങ്ങി ചെന്ന് ആടുവാൻ സാധിക്കൂ. ശ്രദ്ധിക്കുക നിന്നിൽ ദൈവം എന്താണ് ഭരമേല്പിച്ചിരിക്കുന്നതു എന്നു നല്ലതു പോലെ തിരിച്ചറിയണം. അടുത്തതായി മുന്തിരിവള്ളിയുടെ സാക്ഷ്യം ആണ്. അതിന് പറയുവാൻ സാധിക്കും ഞാൻ ഒറ്റക്കു അല്ല നില്ക്കുന്നത് എന്നെ താങ്ങിനിർത്തുവാൻ ദൈവം ഉണ്ട്. അങ്ങനെ എന്നിൽ നിക്ഷേപിച്ചിരിക്കുന്ന രസം എന്തു എന്നു ഞാൻ അറിയുന്നില്ല എങ്കിലും എനിക്കു ഒന്നു അറിയാം എന്നിലുള്ള രസം ദൈവത്തേയും മനുഷ്യരേയും ഒരുപോലെ രസിപ്പിക്കുന്നതാണ്. ഈ രസം ഉപേക്ഷിക്കാൻ ഞാൻ തയ്യാറല്ല.

പ്രിയ ദൈവജനമേ! എന്നിലും നിങ്ങളിലും ദൈവം പകർന്നിരിക്കുന്ന ആത്മീകരസം ഉപേക്ഷിച്ചിട്ടു ഈ ലോകത്തിന്റെ പിന്നാലെ പോകുവാൻ ഒരിക്കലും ഇടയാവരുത്. ഈ ലോകത്തിന്റെ അധിപതി അനേക ഓഫറുകളും ആയി വരും. ആരാധനകളിൽ അയവ് വരുത്തുക. വേഷവിധാനങ്ങളിൽ ലോകവും ആയി അനുരജ്ഞനം ചെയ്യുക. ആത്മീകം അല്പം മാറ്റിവെച്ച് ഭൗമീക വിഷയങ്ങൾക്കുള്ള വഴിതേടുക. ജഢീകർ ചെയ്യുന്ന പ്രവൃത്തികളെ അനുകരിക്കുക. മുതലായ വിഷയങ്ങൾ ആത്മീകൻ എന്നു അറിയപ്പെടുന്നവനിൽ കാണുന്നു എങ്കിൽ തിരിച്ചറിയുക അവന്റെ ആത്മീക രസം അവനിൽ നിന്നു ചോർന്നു പോയി. ഇതു വായിക്കുന്ന ഏവരും സ്വയം ചിന്തിക്കുക. എന്റെ ആത്മീക രസം എന്നിലുണ്ടോ എന്ന്. ദൈവം കൃപ ചെയ്യട്ടെ.

## കൗൺസലിംഗ് സെമിനാർ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കൗൺസലിംഗ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ താഴെ പറയുന്ന പ്രോഗ്രാമുകൾ നടക്കുന്നതാണ്. മാർച്ച് 18 ന് പട്ടം ചർച്ച് ഓഫ് ഗോഡ് സഭാ ഹാളിൽ വച്ച് ഫാമിലി സെമിനാർ, ഏപ്രിൽ 1, കട്ടപ്പനയിൽ യൂത്ത് ഫാമിലി ഏകദിന ക്യാമ്പ്, ഏപ്രിൽ 13 ന് പരിയാരം, കണ്ണൂർ ചർച്ച് ഓഫ് ഗോഡ് സെമിനാരിയിൽ ഏകദിന സെമിനാർ എന്നിവ ഉണ്ടായിരിക്കും. ഡയറക്ടർ പാസ്റ്റർ എ.റ്റി.ജോസഫ്, ആക്ടിംഗ് സെക്രട്ടറി, ട്രഷറാർ, ബോർഡ് അംഗങ്ങൾ നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് 9446962865, 9495773646, 8086061111

## പെനിയേൽ സെമിനാരി ഗ്രാജുവേഷൻ

**കീഴില്ലം:** പെനിയേൽ സെമിനാരിയുടെ 34മത് ബാച്ചിന്റെ ഗ്രാജുവേഷൻ ഫെബ്രുവരി 4 ന് രാവിലെ 9.30യക്ക് നടന്നു. സ്ഥാപക പ്രസിഡന്റ് ഡോ. റ്റി.പി. വർഗ്ഗീസ് സർട്ടിഫിക്കറ്റുകൾ നൽകി.

## തെരഞ്ഞെടുത്തു

**എഴുമറ്റൂർ:** യുണൈറ്റഡ് പെന്തക്കോസ്തു ഫെലോഷിപ്പിന്റെ പുതിയ ഭാരവാഹികൾ ചുമതലയേറ്റു. പാസ്റ്റർ കെ.ഒ.ജോയി, പാസ്റ്റർ ബേബി മോൻ (രക്ഷാധികാരികൾ) പാസ്റ്റർ കെ.ജി.ജോസഫ്കുട്ടി (പ്രസിഡന്റ്), പാസ്റ്റർ സി.എം.മാത്യു, പാസ്റ്റർ ബാബു കുര്യൻ ജോൺ (വൈസ് പ്രസിഡന്റുമാർ), പാസ്റ്റർ ഒ.റ്റി.ജോണിക്കുട്ടി (സെക്രട്ടറി) പാസ്റ്റർ കെ.എ.ശമുവേൽ, പാസ്റ്റർ വി.കെ.മോനിച്ചൻ (ജോ.സെക്രട്ടറിമാർ), ബ്രദർ എ.മാത്യു ജോർജ്ജ് (ട്രഷറാർ), പാസ്റ്റർ കെ.ഐ.രാജേഷ് (പബ്ലിസിറ്റി), പാസ്റ്റർ കെ.എസ്.രാജുക്കുട്ടി (പ്രയർ) കൂടാതെ 14 അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു. എ.ജി.ചർച്ച് വെള്ളയിൽ നടന്ന തെരഞ്ഞെടുപ്പിന് പാസ്റ്റർ കെ.ഐ. രാജേഷ് നേതൃത്വം നൽകി.

## ബൈബിൾ പഠിക്കുവാൻ സുവർണ്ണാവസരം




**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് സിറ്റി ചർച്ചിന്റെ ആഭിമുഖ്യത്തിൽ മാർച്ച് മാസം മുതൽ എല്ലാ ശനിയാഴ്ചയും വൈകിട്ട് 6.30 മുതൽ 8.30 വരെ ബൈബിൾ ക്ലാസ്സ് നടക്കും. പ്രഗത്ഭന്മാരായ ദൈവദാസന്മാർ ക്ലാസ്സുകൾ എടുക്കും. പാസ്റ്റർ ഷിബു കെ. മാത്യു നേതൃത്വം കൊടുക്കും. താല്പര്യമുള്ളവർ ബന്ധപ്പെടുക.

**ഫോൺ: 9446532838**

Call us :
9446532838, 9447313709
Mail Us :
ysandhesham@saintly.com

**വരിസംഖ്യ അടയ്ക്കാത്തവർക്ക് യുഗാന്ത്യസന്ദേശം അയച്ചു തരുന്നതല്ല. ദയവായി വായനക്കാർ സഹകരിക്കുക. പത്രം ഇ–മെയിലിൽ ആവശ്യമുള്ളവർ ഇ–മെയിൽ അഡ്രസ് അയച്ചു തന്നാൽ പത്രം അയച്ചു തരുന്നതാണ്. ഇ–മെയിൽ അഡ്രസ് താഴെ പറയുന്ന ഫോൺ നമ്പരിലേക്ക് ടെക്സ്റ്റ് മെസേജായി അയച്ചു നൽകാവുന്നതാണ്. ഫോൺ: 9446532838.**
**വരിസംഖ്യ ഒരു വർഷത്തേക്ക് 100 രൂപ മാത്രം.**

# നന്മയാൽ തിന്മയെ ജയിക്കുക

**യുഗവീക്ഷണം**



സാം ടി മൈക്കിൾ
ഇളമ്പൽ

തിന്മയെ തിന്മകൊണ്ടെതിർക്കാനുള്ള പ്രവണതകൾ നാൾക്കുനാൾ ഏറിവരുന്നതായാണ് കാണപ്പെടുന്നത്. പഴയനിയമ കാലത്തേതുപോലെ കണ്ണിനു പകരം കണ്ണും, പല്ലിനു പകരം പല്ലും എന്ന പ്രതികാര സിദ്ധാന്തം പുത്തൻ സമൂഹങ്ങളിലും വേരുറപ്പിയ്ക്കാൻ തുടങ്ങുന്നുവോ എന്നു തോന്നിപ്പിക്കത്തക്ക നിലയിലാണ് സമീപകാലത്ത് കേരളത്തെ ഞെട്ടിച്ച പല അക്രമസംഭവങ്ങളും വിരൽ ചൂണ്ടുന്നത്. ഭരണ, നിയമ സംവിധാനങ്ങളും, നീതി ന്യായ വ്യവസ്ഥകളെയുമെക്കെ വിലകല്പ്പിയ്ക്കാതെ, പകരത്തിന് പകരം ചെയ്തു കൂട്ടുന്നവർ, ആധുനീക സമൂഹത്തിന് അവമതിപ്പാണുണ്ടാക്കുന്നതെന്നോർക്കണം.

ഇവിടെയാണ് ക്രിസ്തുവചനങ്ങൾ വേറിട്ട് നിൽക്കുന്നത്. ഒരു ചെകിട്ടത്തിടിയ്ക്കുന്നവന് മറ്റേ ചെകിടു കൂടി കാട്ടിക്കൊടുപ്പാൻ പഠിപ്പിച്ചത് എത്രയോ ഉദാത്തമായ സന്ദേശമാണ് നൽകിത്തരുന്നത്. ഒരു നാഴിക നടക്കാൻ നിർബന്ധിയ്ക്കുന്നവനോടൊപ്പം രണ്ടു നാഴിക പിൻചെല്ലാൻ പറയുന്നതും അതുല്യമായ ഗുരുവിന്റെ പഠിപ്പിയ്ക്കലുകൾ തന്നെയല്ലേ. ഈ കാലത്ത് അസഹിഷ്ണതയും, അക്രമവുമൊക്കെ കൊടിക്കുത്തി വാഴുന്ന ലോക സമൂഹത്തിൽ യേശുകർത്താവിന്റെ വചനങ്ങൾക്ക് ഏറെ പ്രധാന്യമുണ്ടെന്നു മറക്കരുത്.

യേശുകർത്താവിന്റെ അനുയായികളായ നാമോരോരുത്തരും മേൽപ്പറഞ്ഞതുപോലെ, ഗുരു കാട്ടിത്തന്ന സ്നേഹത്തിന്റെയും താഴ്മയുടെയുമൊക്കെ മാതൃകകൾ പിൻപറ്റി ജീവിത യാത്രയിൽ മുന്നോറാനിടയാകേണം. തിന്മയെ തിന്മകൊണ്ടെതിർക്കലല്ല ഒരു ദൈവപൈതലിന്റെ കടമ. നന്മയാൽ തിന്മയെ ജയിയ്ക്കുയെന്നതാണ്. അപ്പോസ്തോലനായ പൗലോസ് പറയുന്ന വാക്കുകളും ഏറെ "തിന്മയോട് തോല്ക്കാതെ, നന്മയാൽ തിന്മയെ ജയിയ്ക്കു" (റോമ: 12.21) എന്ന വാക്യം ഓർമ്മെപ്പെടുത്തി കൊണ്ട് ഈ വാക്കുകൾ നിറുത്തട്ടെ.

## കുമ്പനാട് കൺവൻഷൻ സമാപിച്ചു

(പേജ് 1 തുടർച്ച)

ത്യാശ വയ്ക്കുമ്പോൾ ജീവിതത്തിന് മാറ്റം ഉണ്ടാകും. മാനവജാതിയുടെ മുഴുവൻ മരണം നീങ്ങുന്നതിനാണ് യേശുക്രിസ്തു കാൽവറിയിൽ യാഗമായതെന്ന് പാസ്റ്റർ കെ.സി. ജോൺ പറഞ്ഞു.

സീനിയർ പാസ്റ്റർ കെ.ഇ. തോമസ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ ഷാജി ദാനിയേൽ, വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ്, ട്രഷറർ സജി പോൾ, പാസ്റ്റർ വൽസൻ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

രാവിലെ പതിനായിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്ത ഭക്തിനിർഭരമായ തിരുവത്താഴ ശുശ്രൂഷയ്ക്ക് സീനിയർ മിനിസ്റ്റർ പാസ്റ്റർ എം.വി. വർഗീസ് നേതൃത്വം നൽകി. സീനിയർ പാസ്റ്റർ കെ.എം. ജോസഫ് വചനശുശ്രൂഷ നടത്തി. സഭ കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി. തോമസ് അദ്ധ്യക്ഷത വഹിച്ചു.

പ്രഭാഷണവേദിയിൽ 50 വർഷം പൂർത്തിയാക്കിയ ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. കെ.സി ജോണിന്റെ ജീവിതവും അനുഭവങ്ങളും അടങ്ങിയ പുസ്തകമായ "പ്രഭാഷണകൃപയുടെ സുവർണ്ണജാല" മാർച്ചിൽ പുറത്തിറങ്ങും. ഇതിലേക്കുള്ള അനുഭവങ്ങൾ ഫെബ്രുവരി 15 ന് മുൻപ് ചീഫ് എഡിറ്റർ ജോജി ഐപ്പ് മാത്യൂസിന് നൽകണം. ഫോൺ: 9446392303.

അടുത്ത കൺവൻഷൻ 2018 ജനുവരി 14 മുതൽ 21 വരെ നടക്കും.

# ഏവർക്കും പ്രതീക്ഷയുണർത്തി ട്രംപ് ഭരണകൂടം



പാസ്റ്റർ എം. കുഞ്ഞപ്പി

ഡൊണാൾഡ് ട്രംപ് അമേരിക്കയുടെ 45-ാമത്തെ പ്രസിഡന്റായി ചുമതലയേറ്റു. ഇത് ദൈവത്താൽ മാത്രം സംഭവിച്ചതാണ്. കഴിഞ്ഞ 8 വർഷം അമേരിക്കയെ അന്ധകാരമയമാക്കി ഭരണം നടത്തിയ "ഒബാമ" ഭരണകൂടം പടിയിറങ്ങി. അമേരിക്ക ഒരു പുതിയ പ്രകാശത്തിലേക്ക് നയിക്കപ്പെടുന്നു. ഏവർക്കും വലിയ പ്രതീക്ഷകൾ നല്കി ട്രംപ് നടത്തുന്ന പ്രഖ്യാപനങ്ങൾ നടപ്പിൽ വരുവാൻ ഇടയാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. മുസ്ലീം രാഷ്ട്രങ്ങളുടെയും ഐഎസ്എസിന്റേയും പിൻതുണ ഒബാമയ്ക്കുണ്ടായിരുന്നു എന്ന് ഇപ്പോൾ ജനം വിലയിരുത്തുന്നു. അഭയാർത്ഥികളെ പ്രോത്സാഹിപ്പിച്ചതിൽ ഏറ്റവും കൂടുതൽ ആളുകൾ അമേരിക്കയിൽ കുടിയേറിയത് മുസ്ലീം സമുദായത്തിൽ നിന്നാണ് എന്നത് അത്ഭുതമായിരിക്കുന്നു.

കഴിഞ്ഞുപോയ "എട്ടു" വർഷങ്ങൾ അമേരിക്കയെ ഭരിച്ച ഒബാമ ഭരണകൂടവും, ഹില്ലാരിയും ചേർന്ന് അതീവ രഹസ്യമായി അമേരിക്കയെ 2017 ആകുമ്പോഴേക്കും ഹില്ലാരിയെ പ്രസിഡന്റാക്കി അമേരിക്കയെ ഒരു മുസ്ലീം ആധിപത്യമുള്ള രാജ്യമാക്കി മാറ്റുവാൻ പ്ലാൻ ചെയ്ത രഹസ്യ അജണ്ടയാണ് ട്രംപ് തകർത്തത്. സ്വന്തം പരിശ്രമത്താൽ മാത്രം കോടീശ്വരനായി തീർന്ന ട്രംപ് ഇതുവരെ യാതൊരുവിധ രാഷ്ട്രീയ അനുഭവവും ഇ




ല്ലാത്ത ആളാണ്. സ്വന്തം പാർട്ടിയിലെതന്നെ 16-ൽ അധികം എതിരാളികളേയും മാത്രമല്ല ശക്തമായ എതിർപാർട്ടിയേയും ഒബാമയെ മാത്രമല്ല ഹില്ലാരി ക്ലിന്റെനെയും തോല്പിച്ചുകൊണ്ടാണ് ട്രംപ് മുന്നേറ്റം നടത്തിയത്. ഈ വിജയം ദൈവനിശ്ചയമായിരുന്നു എന്നാണ് ദൈവമക്കൾ പറയുന്നത്. സിറിയാ, ഇറാക്ക്, ലബനോൻ തുടങ്ങിയ രാജ്യങ്ങളിലെ കോടിക്കണക്കിന് ക്രിസ്ത്യാനികളുടെ തലവെട്ടിയും ക്രൂശിച്ചും, ജീവനോടെ കുഴിച്ചിട്ടും നാശം വിതച്ച് ഐ.എസ്.ഐ.എസ്., ഐ.എസ്.ഐ.എൽ എന്ന ഭീകരസംഘടനകളെ പ്രോത്സാഹിപ്പിച്ചതും, പണം നല്കിയതും ഒബാമയും ഹില്ലറിയും ചേർന്നാണെന്ന് രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ട് ചെയ്തിരിക്കുന്നു. മാത്രമല്ല കഴിഞ്ഞ എട്ടു വർഷം കൊണ്ട് ദൈവം, ക്രിസ്തു, ബൈബിൾ, കുരിശ്, പ്രാർത്ഥന ഇവ എല്ലാം ഭരണഘടനയിൽ നിന്നും മാറ്റുകയും, പകരം അള്ളാഹു, അക്ബർ, സാത്താൻ സേവ എന്നിവ അംഗീകരിച്ച വ്യക്തിയാണ് ഒബാമ. സ്കൂളിൽ പ്രാർത്ഥന ഇല്ലാതാക്കി. വൈറ്റ് ഹൗസിൽ പ്രാർത്ഥന ഇല്ലാതായി പകരം മുസ്ലീംങ്ങളുടെ പ്രാർത്ഥനയും മറ്റ് കർമ്മങ്ങളും വൈറ്റ് ഹൗസിൽ സ്ഥാനം പിടിച്ചു. ട്രംപ് തോറ്റിരുന്നെങ്കിൽ ഒബാമയുടെ ആർ.എഫ്.ഐ.ഡി എന്ന കംപ്യൂട്ടർ മുദ്ര സകലരുടേയും ശരീരത്തിൽ നിർബന്ധമായി പതിക്കുമായിരുന്നു. കോടിക്കണക്കിന് ക്രൈസ്തവർ അന്തിക്രിസ്തുവിന്റെ "666" എന്ന സംഖ്യക്ക് കീഴിൽ വരുമായിരുന്നു. മാത്രമല്ല സിറിയായിൽ നിന്ന് 60 ലക്ഷം തലവെട്ട് ജിഹാദികളെ കൊണ്ടുവന്ന് അമേരിക്കയിലെ ക്രിസ്ത്യാനികളെ കൊന്നും, ബലാൽസംഗം ചെയ്തും അമേരിക്കയെ രക്തക്കളമാക്കുമായിരുന്നു. ഇത് ഹില്ലാറിയുടെ രഹസ്യ അജണ്ടയായിരുന്നു.

മാത്രമല്ല ഹില്ലാറിയും ഒബാമയും ചേർന്ന് റഷ്യയ്ക്കെതിരെ മൂന്നാം ലോകമഹായുദ്ധം പ്ലാൻ ചെയ്തിരുന്നു. അമേരിക്കൻ പട്ടാളത്തെ റഷ്യയുടെ അതിർത്തിയിൽ ആണവായുധവുമായി നിരത്തികഴിഞ്ഞിരുന്നു. ട്രംപ് തോറ്റിരുന്നെങ്കിൽ അമേരിക്കയുടെ നല്ല ഒരു ഭാഗം റഷ്യയുടെ അണുബോംബിനാൽ നശിക്കുമായിരുന്നു. കോടിക്കണക്കിന് ദൈവമക്കളുടെ പ്രാർത്ഥനയും ഉപവാസവുമാണ് ട്രംപ് ജീവനോടിരിക്കുന്നതും, ജയിച്ചുവന്നതും. അദ്ദേഹത്തിന്റെ ജീവന് നേരെ വധഭീഷണികൾ ഉയർന്നിരിക്കുന്നു. മറ്റൊരു കെന്നഡിയായി ട്രംപ് ആയിത്തീരുമോ എന്നുവരെ ജനം ഭയപ്പെടുന്നു. 2016-ലെ അമേരിക്കൻ തെരഞ്ഞെടുപ്പ് സാത്താന്റെ സൈന്യത്തോടുള്ള ശക്തമായ ഒരു യുദ്ധം തന്നെയായിരുന്നു. അതിൽ ഒരർത്ഥത്തിൽ പറഞ്ഞാൽ ജയിച്ചത് ദൈവവും ദൈവമക്കളുമാണ്. പ്രചരണ വേളയിൽ അനേക സുവിശേഷകരെ വിളിച്ചുവരുത്തി സ്വന്തം ബൈബിൾ നെഞ്ചോടു ചേർത്ത് വച്ച് ട്രംപ് പ്രഖ്യാപിച്ചത് I Love this Bible. I will protect Christians and Jews. I will bring God back to the white house എന്നാണ് തന്റെ പ്രതിജ്ഞാ ചടങ്ങിൽ അവസാനത്തെ ആശിർവാദ സന്ദേശവും, അനുഗ്രഹ പ്രാർത്ഥനയും നടത്തിയത്. ബില്ലി ഗ്രഹാമിന്റെ മകനും, ബാപ്റ്റിസ്റ്റ് സംഘടനയുടെ നേതാവുമായ റവ. ഫ്രാൻക്ക്ളിൻ ഗ്രഹാം ആയിരുന്നു.

ഭൂതലം മുഴുവൻ ദൈവജനത്തേയും ക്രൈസ്തവരേയും വംശനാശം വരുത്താൻ NWO യുടെ നിയന്ത്രണത്തിലുള്ള NEW WORLD ORDER എന്ന സാത്താൻ സേവാ സംഘം AGENDA 2030 നടപ്പിലാക്കാതിരിക്കുവാൻ ഭൂതലത്തിലുള്ള ദൈവജനത്തിന് ഒരു താല്ക്കാലിക വിടുതലാണ് ട്രംപിന്റെ വിജയത്തിൽ ഉണ്ടായത്. ലോകരാജ്യങ്ങളെ സുവിശേഷീകരിക്കുവാൻ ദൈവം കരങ്ങളിൽ എടുത്ത രാഷ്ട്രമെന്ന് അമേരിക്ക. ഇൻഡ്യയെ സുവിശേഷീകരിക്കുവാൻ വന്ന മിഷനറിമാരുടെ ചരിത്രം നോക്കിയാൽ അമേരിക്ക പ്രഥമ സ്ഥാനത്താണ്.

അനേക മ്ലേഛതകൾ സോദോം ഗോമോറയെപ്പോലെ വ്യാപരിക്കുന്ന ഒരു രാജ്യമായി അമേരിക്ക ആത്മീക വിഷയത്തിൽ അധഃപതിച്ചു എങ്കിലും ദൈവത്തെ സ്നേഹിക്കുന്ന പ്രാർത്ഥിക്കുന്ന ആരാധിക്കുന്ന ജനകോടികൾ അമേരിക്കയിൽ ഉണ്ട്. അവർ ഒന്നിച്ചു നിന്നാൽ മറ്റാർക്കും അമേരിക്കയിൽ ജയിച്ചു വരുവാൻ കഴികയില്ല. അതാണ് ട്രംപിന്റെ വിജയം നമ്മെ സൂചിപ്പിക്കുന്നത്.

ട്രംപിനെ വിജയിപ്പിക്കുവാൻ പ്രവർത്തിച്ച പ്രാർത്ഥിച്ച എല്ലാ മലയാളി ദൈവമക്കൾക്കും നന്ദി അറിയിച്ചുകൊണ്ട് നിർത്തട്ടെ. യേശുക്രിസ്തുവിന്റെ മടങ്ങിവരവിന് ശേഷം നടക്കേണ്ട പ്രവചനങ്ങൾ അതിന് മുൻപ് നടക്കുവാൻ സാദ്ധ്യമല്ല എന്നതും ട്രംപിന്റെ വിജയത്തോടുകൂടി വ്യക്തമാകുന്നു.




## പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ ദേശീയ ഭാരവാഹികളെ തെരഞ്ഞെടുത്തു



തോമസ് വടക്കേകുറ്റ്



കെ. ഏബ്രഹാം



പാസ്റ്റർ ജെ. ജോസഫ്



ഗ്ലാഡ്സൺ ജേക്കബ്



പാസ്റ്റർ ബേബി കടമ്പനാട്

**കോട്ടയം :** പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ 2017-19 വർഷത്തേക്കുള്ള ദേശീയ ഭാരവാഹികളെ തിരഞ്ഞെടുത്തു. കോട്ടയം റ്റി.ബി.യിൽ കൂടിയ വാർഷിക പൊതുയോഗത്തിൽ ബ്രദർ തോമസ് വടക്കേക്കുറ്റിനെ ചെയർമാനായി തെരഞ്ഞെടുത്തു. കഴിഞ്ഞ ആറ് വർഷമായി ജനറൽ പ്രസിഡന്റായി പ്രവർത്തിക്കുകയായിരുന്നു.

ബ്രദർ കെ.ഏബ്രഹാം (പ്രസിഡന്റ്), പാസ്റ്റർമാരായ കെ. എ. ഉമ്മൻ, ജെ. ജോസഫ്, വൈ. യോഹന്നാൻ, ജയ്പൂർ (വൈസ് പ്രസിഡന്റമാർ), ബ്രദർ ഗ്ലാഡ്സൺ ജേക്കബ് (ജനറൽ സെക്രട്ടറി), പാസ്റ്റർ ജോസ് അതുല്യാ, ബ്രദർ പി.സി. മാത്യു, ചെന്നൈ (നാഷണൽ സെക്രട്ടറിമാർ), പാസ്റ്റർ ബേബി കടമ്പനാട് (ട്രഷറാർ), ബ്രദർ അജി കുളങ്ങര (പബ്ലിസിറ്റി കൺവീനർ), ബ്രദർ പി.ജി. ജോർജ്ജ് (ചാരിറ്റി കൺവീനർ), പാസ്റ്റർ എം. കെ. കരുണാകരൻ (പ്രെയർ കൺവീനർ) , ബ്രദർ കെ.എം.റസൽ, ശീലാസ്കുട്ടി, ബിജു വർഗ്ഗീസ്, പാസ്റ്റർ ജോസ് ഐക്കരപ്പടി (എക്സിക്യൂട്ടീവ് അംഗങ്ങൾ) എന്നിവരെയും തെരഞ്ഞെടുത്തു. ഇവരെ കൂടാതെ 51 അംഗ ജനറൽ കൗൺസിലും പ്രവർത്തിക്കുന്നു.

ജനറൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട കെ. ഏബ്രഹാം വൈസ് പ്രസിഡന്റായും, വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജെ. ജോസഫ് ജനറൽ സെക്രട്ടറിയായും ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഗ്ലാഡ്സൺ ജേക്കബ് നാഷണൽ സെക്രട്ടറിയായും പ്രവർത്തിച്ചു വരികയായിരുന്നു.

പി.സി.ഐ.യുടെ യുവജന വിഭാഗം ആരംഭിക്കുവാനും വിവിധ തലങ്ങളിൽ പ്രയോജനപ്പെടുന്ന പ്രോജക്ടുകൾ നടപ്പിലാക്കുവാനും തീരുമാനിച്ചു. ഫോൺ 9447759873

## ചർച്ച് ഓഫ് ഗോഡ് കർണ്ണാടക സ്റ്റേറ്റ് കൺവൻഷൻ 2017

ബാംഗ്ലൂർ: ദൈവസഭയുടെ 2017 ലെ സ്റ്റേറ്റ് കൺവൻഷൻ കാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റ് ഓഡിറ്റോറിയത്തിൽ വച്ച് 2017 ഒക്ടോബർ 18 മുതൽ 22 വരെയുള്ള തീയതികളിൽ നടക്കുന്നതാണ്.




തിരുവല്ലായിൽ നടന്ന ചർച്ച് ഓഫ് ഗോഡ് സഭയുടെ സഭയുടെ ജനറൽ കൺവൻഷന്റെ സംയുക്ത സഭായോഗത്തിൽ പാസ്റ്റർ എം. ഓ ഏലിയാസ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്നു. സ്റ്റേറ്റ് ഓവർസിയർ റവ. സി സി തോമസ്, സ്റ്റേറ്റ് സെക്രട്ടറി പാസറ്റർ ജെ ജോസഫ്, കർണാടാക സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി തുടങ്ങിയവർ സമീപം.



ചർച്ച് ഓഫ് ഗോഡ് കൺവൻഷനിൽ പാസ്റ്റർ എം. കുഞ്ഞപ്പി സമാപന സന്ദേശം നല്കുന്നു.



പുനലൂരിൽ അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് കൺവൻഷനിൽ സൂപ്രണ്ട് റവ.റ്റി.ജെ.ശാമുവൽ പ്രസംഗിക്കുന്നു.

# മലയാളി യുവസംരംഭകൻ ഫോബ്സ് ലിസ്റ്റിൻ ഇടം നേടി



**ഫ്ളോറിഡ:** അന്താരാഷ്ട്ര പ്രസിദ്ധീകരണരംഗത്ത് ലോക പ്രശസ്തമായിട്ടുള്ള ഫോർബ്സ് അമേരിക്കൻ ബിസിനസ് മാഗസിനിൽ മലയാളി യുവസംരഭകൻ ഇടം നേടി. ആദ്യമായിട്ടാണ് ഒരു മലയാളി യുവാവിനെക്കുറിച്ചുള്ള പ്രൊഫൈൽ ഫീച്ചർ ഫോബ്സ് മാഗസിൻ പ്രസിദ്ധീകരിക്കുന്നത്.

പത്തനംതിട്ട മേക്കൊഴൂർ കുരീക്കാട്ടിൽ കുടുംബാംഗവും ഫ്ളോറിഡയിലെ ഒർലാന്റോയിൽ സ്ഥിരതാമസക്കാരനുമായ അലക്സാണ്ടർ ജോർജിന്റെയും (രാജു) ഷീബാ ജോർജിന്റെയും ഇളയമകനായ ഡാനിയേൽ ജോർജാണ് (25) ഫോബ്സ് ലിസ്റ്റിലെ അണ്ടർ 30 കാറ്റഗറിയിൽ സ്ഥാനം പിടിച്ചിരിക്കുന്നത്. ലോകത്തിലെ പ്രശസ്തരായ മുപ്പത് യുവസംരംഭകരിൽ ഒരാളായിട്ടാണ് 2017 ലെ ലിസ്റ്റിൽ ഡാനിയേൽ എത്തപ്പെട്ടിരിക്കുന്നത്.

ആർട്സ് ആന്റ് സയൻസിൽ ബിരുദമുള്ള ഡാനിയേൽ ജോർജ് 22-ാം വയസ്സിൽ 'നൈക്കി' കമ്പനിയുടെ ക്രിയേറ്റീവ് കൺസൽട്ടന്റായിട്ടാണ് ബിസിനസ് രംഗത്തേക്ക് ചുവടുകൾ വയ്ക്കുന്നത്.

ലോസാഞ്ചലോസ്, ചിക്കാഗോ, ഒർലാന്റോ, ടൊറന്റോ, ന്യൂയോർക്ക് തുടങ്ങിയ പട്ടണങ്ങളിൽ വ്യാപിച്ചുകിടക്കുന്ന 'ലിമിറ്റ്ലെസ്സ് ക്രിയേറ്റീവ്' എന്ന കമ്പനിയുടെ സ്ഥാപകനും സി.ഇ.ഒ. യുമാണ് ഒർലാന്റോ ഐ.പി.സി സഭാംഗം കൂടിയായ ഡാനിയേൽ ജോർജ്. ജോയൽ ജോർജ് സഹോദരനാണ്.

# സംസ്ഥാന സ്കൂൾകലോത്സവം നേട്ടവുമായി പെന്തെക്കോസ്ത് വിദ്യാർത്ഥിനി



**റാന്നി:** സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സംസ്കൃത കവിതാ രചനയിൽ എ ഗ്രേഡ് ഒന്നാം സ്ഥാനം നേടി കെ. നിതിയ പെന്തെക്കോസ്ത് സമൂഹത്തിന് അഭിമാനമായി മാറി. സംസ്ഥാന സ്കൂൾ സംസ്കൃതോത്സവത്തിൽ പത്തനംതിട്ട ജില്ലയ്ക്ക് ലഭിച്ച ഏക ഒന്നാംസ്ഥാനവും എ ഗ്രേഡുമാണിത്. ഡബ്യു. എം.ഇ റാന്നി സെന്ററിലെ ചെത്തയ്ക്കൽ എലിം സഭാംഗമാണ്. എട്ടാം ക്ലാസ് മുതൽ തുടർച്ചയായ മൂന്ന് വർഷം സംസ്കൃത കവിതാ രചനയ്ക്കും സംഘഗാനത്തിനും സംസ്ഥാനത്ത് എ ഗ്രേഡ് നേടിയിട്ടുണ്ട്.






# വിനാശകരവും ശരിയായതുമായ തീരുമാനം



ജോൺസൺ കണ്ണൂർ

ഒരു പക്ഷേ ഈ തലകെട്ട് വായനക്കാരിൽ ചിന്താകുഴപ്പം സൃഷ്ടിച്ചേക്കാം

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി എന്ന സംഘടനയുടെ പ്രസിഡന്റായ നൗഷാദ് ഫോബ്സ് നടത്തിയ പ്രസ്താവനയാണിത്. കഴിഞ്ഞ നവംബർ 8ന് നടത്തിയ നോട്ട് റദ്ദാക്കലിനെക്കുറിച്ചുള്ള അഭിപ്രായമാണത്. സെപ്റ്റംബറോടെ രാജ്യം സാധാരണ നിലയിൽ വരുമെന്നാണ് സാമ്പത്തിക വിദഗ്ദ്ധരുടെ പ്രതീക്ഷ ഏത് കാര്യത്തിനും ഗുണവും ദോഷവും ഉണ്ട്. ഒരു വശം നോക്കുമ്പോൾ നിരവധി പേരുടെ തൊഴിൽ നഷ്ടമായി പല സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് എൺപതിലധികം ജോലിക്കാരെ പറഞ്ഞുവിട്ടു. ചെറുകിട വ്യാപാരങ്ങളെ ദോഷമായി ബാധിച്ചു. രണ്ടായിരത്തിന്റെ നോട്ടുകൊണ്ട് ഒന്നും ചെയ്യാനാകാതെ നെട്ടോട്ടമോടി. നാട്ടിൻപുറത്തെ പാവങ്ങൾ പൊരിവെയിലത്ത് മണിക്കൂറുകൾ ക്യൂ നിന്ന് നോട്ടുകൾ മാറിയെടുത്തു. വിയർപ്പിന്റെ പണം പിൻവലിക്കാൻ കഴിയാതെ വിഷമിച്ചവർ നിരവധിയാണ്. വിനോദ സഞ്ചാരികൾ പലരും കഷ്ടത്തിലായി. ടൂറിസം മേഖല പാടെ തകർന്നു. ഇടത്തരക്കാർ നന്നായി വലഞ്ഞു. വിശ്വാസികളുടെ സാമ്പത്തിക ബുദ്ധിമുട്ട് ദൈവദാസന്മാരെയും ബാധിച്ചു. അഞ്ഞൂറിന്റെ നോട്ട് ഇല്ലാതായത് ഇല്ലായ്മക്കും വല്ലായ്മക്കും ആക്കംകൂട്ടി. വൻകിട സൂപ്പർ മാർക്കറ്റുകളിലേക്ക് ഒഴുക്കു കൂടി. ഇത് നാട്ടിൻപുറങ്ങളിലെ ചെറിയ കടകളെ സാരമായി ബാധിച്ചു.

വിനാശകരമായ തീരുമാനത്തിന്റെ അലയടി വർണ്ണനാതീതമാണ്. എന്നാൽ മറുവശം ശരിയായ തീരുമാനമായിരുന്നു.

ഭൂമാഫിയകൾ പണം മുടക്കി. മോഹവില നൽകി ഭൂമി മറിച്ച് വിൽക്കുന്ന വൻകിട ലോബികൾ മുട്ടുമടക്കി. മിക്കവരുടേയും അഹങ്കാരവും ആഢംബരവും ഒരുപരിധി വരെ അവസാനിച്ചു. പണപ്പെരുപ്പം കുറഞ്ഞു. ഉള്ളവനും ഇല്ലാത്തവനും ഒരുപോലെയായി. പണം ഉണ്ടെങ്കിൽ എന്നെ ആരും തോല്പിക്കില്ല എന്ന ധാരണ തിരുത്തപ്പെട്ടു. നിസ്സാരമായി കരുതിയ പത്ത് രൂപയ്ക്ക് ഡിമാന്റായി. ചെറിയ ദൂരം പോലും നടക്കാൻ മടിച്ചവർ നടന്നു പോകുവാൻ തുടങ്ങി. ഭർത്താക്കന്മാർ അറിയാതെ പോക്കറ്റിൽ നിന്ന് അടിച്ചുമാറ്റിയ നോട്ടുകൾ ഭാര്യമാർ പുറത്തു കൊണ്ടുവന്നു. ഉള്ളതുകൊണ്ട് ഒപ്പിച്ച് ജീവിക്കാൻ പലരും പഠിച്ചു. അനധികൃതമായി സമ്പാദിച്ചുകൂട്ടിയ മഹാന്മാർ ധർമ്മസങ്കടത്തിലായി. കണക്ക് കാണിക്കാനും പണം വെളുപ്പിക്കാനും വെള്ളം കുടിച്ചു. പണക്കൊഴുപ്പിന് പ്രധാനമായും പ്രധാനമന്ത്രി അറുതിവരുത്തി.

തട്ടിപ്പിലൂടെയും കള്ളത്തരത്തിലും കണക്ക് വെട്ടിച്ചും പലരുടേയും കണ്ണിൽ പൊടിയിട്ടും കോടികൾ സമ്പാദിച്ചിട്ട് അവരെ ദൈവം അനുഗ്രഹിച്ചെന്ന് കൊട്ടിഘോഷിക്കും. എന്നാൽ നവംബർ എട്ടിന് ശേഷം ധാരണകൾ തിരുത്തപ്പെട്ടു. ചിലർക്ക് ഉറക്കമില്ലാത്ത രാത്രികളായിരുന്നു.

'ധനവാന്റെ സമൃദ്ധി അവനെ ഉറങ്ങുവാൻ സമ്മതിക്കുന്നില്ല'. അത് അക്ഷരാർത്ഥത്തിൽ നിറവേറി. സമൃദ്ധി സുവിശേഷത്തിന്റെ വക്താക്കൾ മാളത്തിൽ ഒളിച്ചു. ഇപ്പോൾ ആരും വീമ്പിളക്കുന്നില്ല. വാചകമടിച്ചാൽ ഉറവിടം കാണിക്കണം. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ. ഉണ്മാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വെയ്പിൻ. മുട്ടുള്ളവന് ദാനം ചെയ്വിൻ തുടങ്ങിയ പ്രമാണങ്ങളിൽ മുറുകെ പിടിച്ചവർക്ക് എന്ത് നിയമം കർക്കശമായാലും ആവലാധിപ്പെട്ട് അന്തകർണ്ണം മറിയേണ്ട ആവശ്യമില്ല. ദൈവവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചാൽ കോടികൾ കയ്യിൽ വന്നില്ലെങ്കിലും നമ്മൾ ലജ്ജിക്കേണ്ടി വരില്ല.

യഥാർത്ഥമായ അനുഗ്രഹം സ്വർഗ്ഗീയ അനുഗ്രഹങ്ങളാണ്. അവിടുത്തെ സകല ആത്മീയ അനുഗ്രഹങ്ങളാലും നമ്മെ നിറച്ചിരിക്കുകയാണ് (എഫെ 1:3). നാം ഈ ലോകക്കാരല്ല. നാം വേറൊരു ലോകത്തെ പ്രതിനിധികരിക്കുന്നവരാണ്. ലോകത്തിലേക്ക് മനസ്സിറങ്ങാതെ ഇരുന്നാൽ ഉള്ളതുകൊണ്ട് ഓണം പോലെ കഴിയാം. അധികം സമ്പാദിച്ച് കൂട്ടിയാൽ പിന്നെ വലിയ മെനക്കേടാണ്.

ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമാണ്. തിരുവെഴുത്തിന് മാറ്റം വന്നുകൂടല്ലോ? സത്യമായ വചനം ജഡമെടുത്ത് നമ്മുടെ ഇടയിൽ വന്നിട്ട് പറയുന്നു ഞാൻ തന്നെ സത്യം. വസ്തുതയിലെ വാസ്തവങ്ങൾ സാവധാനമേ വെളിപ്പെട്ടുവരികയുള്ളൂ. ബാഹ്യമായ വെച്ചുകെട്ടലുകളും പൊങ്ങച്ചങ്ങളും കുറഞ്ഞു.

ഈ പാപം നിറഞ്ഞ നശ്വരമായ ലോകത്ത് കാണുന്നതൊക്കെമായ എന്ന ബോധ്യം നമുക്കുണ്ടാവണം. ശരിയായത് പറയുന്ന തിരുവെഴുത്ത് നിവൃത്തിയാകാൻ അധികാരികൾ ഇതുപോലെ ശരിയായ തിരുമാനങ്ങൾ കൈക്കൊള്ളണം. സമ്പത്തിൽ ആശ്രയിക്കുന്നവൻ വീഴും. എന്നെ ധനവാനും ആക്കരുത്, ദരിദ്രനും ആക്കരുത് എന്ന് പ്രാർത്ഥിച്ച ആഗൂരിനെ പോലെ ചിന്തിക്കുവാൻ നമുക്ക് കഴിയണം (സദൃ 30:8). അവിടെ നിത്യവൃത്തി വേണമെന്ന് മാത്രമേ പറയുന്നുള്ളൂ. യേശുകർത്താവും അത് തന്നെയാണ് പഠിപ്പിച്ചത്. അന്നന്നുള്ള ആഹാരത്തിന് വേണ്ടി പ്രാർത്ഥിക്കൂ. ഈ വിഷയങ്ങളെപ്പറ്റി കൂടുതലായിട്ട് അറിയുവാൻ ലേഖകന്റെ യഥാർത്ഥ അനുഗ്രഹം സമ്പത്തോ? എന്ന ഗ്രന്ഥം വായിക്കുക.

## യു. പി. എഫ് കൺവെൻഷൻ സമാപിച്ചു




കുന്നംകുളം യു.പി.എഫ് കൺവൻഷൻ പ്രസിഡന്റ് പാസ്റ്റർ എം.ജി ഇമ്മാനുവേൽ ഉദ്ഘാടനം ചെയ്യുന്നു

കുന്നംകുളം : പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ കുന്നംകുളം യുണൈറ്റഡ് പെന്തെക്കോസ്ത് ഫെല്ലോഷിപ്പിന്റെ 35–ാമത് വാർഷിക കൺവെൻഷൻ 2017 ജനുവരി 8ന് തിയ്യതി കുന്നംകുളം വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. യു. പി. എഫ് വൈസ് പ്രസിഡണ്ട് പാസ്റ്റർ ബെന്നി ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് യു പി എഫ് ചെയർമാനും ചർച്ച് ഓഫ് ഗോഡ് ഗുരുവായൂർ ഡിസ്റ്റിട്രിക്റ്റ് പാസ്റ്ററുമായ ഇമ്മാനുവേൽ എം. ജി ഉദ്ഘാടനം ചെയ്തു.പ്രസിഡണ്ട് ഡോ. സാജൻ സി. ജേക്കബ് ആമുഖ സന്ദേശം നൽകി. പാസ്റ്റർ കെ. എ ഏബ്രഹാം മുഖ്യസന്ദേശം നൽകി. വൈസ് ചെയർമാൻ പാസ്റ്റർ എ. വി. ജോസ്, പ്രയർ കൺവീനർ പാസ്റ്റർ ടി. പി. ജോസ് പാസ്റ്റർ കുരിയാക്കോസ് ചക്രമാക്കിൽ എന്നിവർ സംസാരിച്ചു. സാദ്യൂത് ഗോസ്പെൽ ടീം ഗാനങ്ങൾ ആലപിച്ചു. ജനറൽ കൺവീനർ പാസ്റ്റർ. അജീഷ്. കെ. മാത്യു നന്ദി പ്രകാശിപ്പിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ. അനിൽ തിമോത്തി ട്രഷറർ: ബ്രദർ സി. ജെ ഏബ്രഹാം, അസ്സോ സെക്രട്ടറി ബ്രദർ കെ. ജി. ജോയ്, മിഷൻ കോഡിനേറ്റർ പാസ്റ്റർ സി.സി. ജോൺ, കോഡിനേറ്റർ ബ്രദർ ജോസ് പി. റ്റി എന്നിവർ നേതൃത്വം നൽകി.

## ബൈബിൾ ക്വിസ്

11






സൂസൻ ആൻഡ്രൂസ്
ഫോൺ: 66159209

1) എദെനിൽ നിന്ന് പുറപ്പെടുന്ന നദികൾ എത്ര?

2) പരാക്രമശാലിയെങ്കിലും കുഷ്ഠരോഗിയായിരുന്ന അരാമ്യ സേനാധിപതി?

3) ദാസിയുടെ മകൻ സ്വതന്ത്രയുടെ മകനോടു കൂടെ പങ്കിടാത്തത് എന്ത്?

4) ജ്ഞാനിയായ പുരുഷൻ ബലവാനാകുന്നു. എന്നാൽ ബലം വർദ്ധിപ്പിക്കുന്നതാര്?

5) ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപ്പോയെങ്കിൽ ആത്മീകരായവർ അങ്ങെനെയുള്ളവരെ എങ്ങനെ യഥാസ്ഥാനപ്പെടുത്തണം?

6) നാം ദൈവത്തിന്റെ കൈപ്പണി ആയി സൽപ്രവൃത്തികൾക്കായിട്ട് ആരിൽ സൃഷ്ടിക്കപ്പെട്ടവരാണ്?

7) നാവെന്ന ------ നീ ഗുപ്തനാകും, നാശം വരുമ്പോൾ നീ ഭയപ്പെടുകയില്ല?

8) യഹോവയുടെ വായിൽ നിന്നുള്ള വചനം പ്രസ്താവിച്ച യിരമ്യാപ്രവാചകന്റെ മുമ്പിൽ തന്നെത്താൻ താഴ്ത്താതെ ഇരുന്ന രാജാവ്?

9) മോശ ഉണ്ടാക്കിയ താമ്രസർപ്പത്തെ ഉടച്ചുകളഞ്ഞ രാജാവ്?

10) സൈന്യങ്ങളുടെ യഹോവയെ ശുദ്ധീകരിപ്പിൻ അവൻ തന്നെ നിങ്ങളുടെ----- നിങ്ങളുടെ ഭീതിയും ആയിരിക്കട്ടെ?

### കഴിഞ്ഞ ലക്കത്തിലെ ഉത്തരം അയച്ചവർ

എലിസബത്ത് ജസ്വിൻ തിരുവല്ല, ജോളി കോശി പന്തളം, ഷീബ സത്യപാൽ കോവളം, ലീന സണ്ണി കോവളം, ലീലാമ്മ ജോസഫ് കവിയൂർ, സാറാമ്മ പാട്രിക്ക് കുടപ്പനകുന്ന്, ദീനാസിജു മാമലശ്ശേരി, ജൂബി പി പോൾ പൂമാല, ആലീസ് ജോയി ഐരാണിക്കുടി, അന്നമ്മ കെ.വി. കുരിയിച്ചിറ, പിങ്കി സ്റ്റാൻലി, പനംതോപ്പ്

### കഴിഞ്ഞ ലക്കത്തിലെ ഉത്തരം

1. യാക്കോബ് (വിലാപങ്ങൾ 2:3), 2. പകലിന്റെ (1തെസ്സ.5:5), 3. യിരമ്യാവ് (യിരമ്യ 28:10), 4. ഏലിയാവ് (1രാജ.18:7), 5. യാഗപീഠം (എബ്രാ.13:10), 6. എൽദാദ്, മേദാദ് (സംഖ്യാ 11:26), 7. മോശയുടെ പുസ്തകം (2കൊരി.3:15), 8. മത്സരികൾ (സങ്കീ.68:6), 9. അന്ത്രൊനിക്കോസ്, യൂനിയാവ് (റോമർ 16:7), 10. എലീഫസ് (ഇയ്യോബ് 22:1)

ഉത്തരങ്ങൾ എല്ലാമാസവും 25ന് മുമ്പ് അയക്കുക.
വിജയികളുടെ പേര് അടുത്ത ലക്കം പ്രസിദ്ധീകരിക്കും.
അയക്കേണ്ട വിലാസം
YUGANTHYA SANDHESHAM, P.O. BOX - 66, THIRUVALLA - 1

**തിരുവല്ലായിൽ ആത്മീയ ആരാധനയും കൂട്ടായ്മയും ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക**

**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ തിരുവല്ലാ സിറ്റി ചർച്ച്**

(തിരുവല്ല എസ്.സി.എസ് ജംഗ്ഷന് സമീപം, പിയാത്തോ ലൈനിൽ 300 മീറ്റർ അകലം)



ആരാധന ഞായർ രാവിലെ 8 മുതൽ 11 വരെ, സണ്ടേസ്കൂൾ 11 മുതൽ 12 വരെ, വൈ.പി.ഇ മാസത്തിൽ രണ്ട് ഞായറാഴ്ച, ലേഡീസ് മീറ്റിംഗ് ചൊവ്വ 10.30 മുതൽ 1 മണി വരെ, ഭവന പ്രാർത്ഥന ബുധൻ വൈകിട്ട് 7 മുതൽ 8.45വരെ, ഉപവാസ പ്രാർത്ഥന വെള്ളി 10.30 മുതൽ 1 മണി വരെ. കൂടാതെ എല്ലാ മാസത്തിന്റെയും ആദ്യത്തെ ആഴ്ചയിൽ പ്രത്യേക ഉപവാസ പ്രാർത്ഥനകളും ഉണർവു യോഗങ്ങളും നടത്തപ്പെടുന്നു.

**പാസ്റ്റർ ഷിബു കെ. മാത്യു**
**ഫോൺ: 9446532838, 0469 2602838**

# കൊള്ളക്കാരൻ ഇന്ന് കർത്താവിന്റെ വേലക്കാരൻ



ഷൈനി ദാനിയേൽ



തമിഴ്നാട്ടിൽ തിരുച്ചിനാപ്പള്ളി പട്ടണത്തിൽ നടരാജതേവർ-പുഷ്പമ്മാൾ ദമ്പതികളുടെ രണ്ടാമത്തെ മകനായി 1950 ജനുവരിയിൽ ജനിച്ചു. ജയപാൽ തന്റെ 8-ാംമത്തെ വയസ്സിൽ വീടുവിട്ടു പോയി. റയിവേസ്റ്റേഷനുകളിലും സിനിമാ ശാലകളിലും അലഞ്ഞു തിരിഞ്ഞു നടന്ന ജയപാലിനോട് കനിവുതോന്നി കാര്യങ്ങൾ ആരാഞ്ഞവരോട് തന്റെ മാതാവു മരിച്ചുപോയെന്നും രണ്ടാനമ്മയുടെയും പിതാവിന്റെയും പീഡനം സഹിക്കവയ്യാതെ ഭവനം വിട്ടുപോന്നതാണെന്നും കള്ളം പറഞ്ഞു. കനിവുതോന്നി പലരും തന്നെ ഭവനത്തിൽ കയ്കൊണ്ടെങ്കിലും അവിടെ നിന്നും പണം മോഷ്ടിച്ചു രക്ഷപ്പെടുന്നത് പതിവാക്കി, കർക്കട്ട, ഗോരഖ്പൂർ, മുംബൈ, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിൽ സഞ്ചരിക്കവേ ചിലപ്പോഴൊക്കെ ഹോട്ടലുകളിലും മറ്റും ജോലി ചെയ്തുവെങ്കിലും മോഷണവും സമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ ചെയ്തിരുന്നവരോടുകൂടി ചരസ്, കഞ്ചാവ്, ചാരയം വിൽക്കുന്ന പണികളിൽ ഏർപ്പെട്ടു. വഴക്കുണ്ടാക്കുന്നവരുടെ കയ്യിൽ ബ്ലേയിഡുകൊണ്ടു മുറിച്ചിട്ട് ഓടി രക്ഷപ്പെടുമായിരുന്നു.

മുംബൈ, മധുര, എഴുമ്പൂർ, തിരുച്ചി, റാണിപ്പേട്ട, തഞ്ചാവൂർ തുടങ്ങി ജയിലുകളിലും ദുർഗുണപരിഹാരപാഠശാലകളിലും അടയ്ക്കപ്പെട്ടുവെങ്കിലും കള്ളം പറഞ്ഞും ജയിൽ ചാടിയും രക്ഷപ്പെട്ടു. ജയിലിൽ കിടക്കുമ്പോൾ വായിച്ച മതഗ്രന്ഥങ്ങളായ രാമായണം, മഹാഭാരതം, മറ്റു പുരാണങ്ങൾക്കോ തന്നെ രക്ഷിക്കുവാൻ കഴിഞ്ഞില്ല. മതപ്രബോധകൻ എസ്.കലിയമൂർത്തി കൊടുത്ത ക്രൈസ്തവ വേദപുസ്തകം വായിച്ചു. അതിൽ തന്റെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കുമുള്ള ഉത്തരം ഉണ്ടായിരുന്നു.

കുറെകാലങ്ങൾ രാഷ്ട്രിയത്തിൽ പ്രവർത്തിച്ചു. നേതാക്കന്മാരുമായി അടുക്കുന്തോറുമാണ് അവരുടെ പൊള്ളത്തരങ്ങൾ മനസ്സിലാകുന്നത്. രാഷ്ട്രീയ നേതാക്കന്മാരുടെ ആവേശപൂർവ്വമായ പ്രസംഗം വേറെ, യഥാർത്ഥ ജീവിതം വേറെയെന്നു തനിക്കു മനസ്സിലാക്കുവാൻ അധികനാൾ വേണ്ടി വന്നില്ല. പിന്നീടു പശ്ചിമബംഗാളിലെത്തി നക്സലൈറ്റ് ആയി മാറി. മാവോ സേതുന്ദ് എഴുതിയ അഞ്ചു പ്രബന്ധങ്ങൾ എന്ന കമ്മ്യൂണിസ്റ്റ് പുസ്തകം വായിച്ചു. ചിലനാളുകൾക്കുശേഷം നക്സലുകളെ വിട്ട് ഒരു കൊള്ളസംഘം ആരംഭിച്ചു. 22 അംഗങ്ങളുള്ള കൊള്ള സംഘതലവനായി ജയ്പാൽ. കട്ടക്കട്ട ജയിലിൽ കിടക്കുമ്പോൾ എല്ലാവരും 'ജയപാൽ സിംഗ്' എന്നുവിളിച്ചു. പിന്നീട് ആ പേരിൽ അറിയപ്പെട്ടു. അയൽ സംസ്ഥാനങ്ങളായ ആസം, ബീഹാർ, ഒറീസ്സാ, മധ്യപ്രദേശ് എന്നിവിടങ്ങളിലും കൊള്ള സംഘത്തെ അയച്ചു കൊള്ളയടിച്ചു. കൊള്ളയടിക്കുവാൻ വിവരങ്ങൾ നൽകുന്നവർക്കും കൊള്ളയുടെ ഓഹരി കൊടുത്തിരുന്നു. ഒരു ഓഹരി കട്ടിലുകളിൽ പാർക്കുന്ന സാധുക്കൾക്ക് കൊടുക്കും.

ഒരിക്കൽ കൊള്ളയ്ക്കുവേണ്ടി പോയി ഒരു കാട്ടിൽ താമസിക്കുമ്പോൾ കൂടെ ഉണ്ടായിരുന്ന മുസ്ലിം പറഞ്ഞു നേതാവെ ഇന്നു ക്രിസ്തു ജനിച്ച ദിവസമാണ്. ബൈബിൾ വായിച്ച നാൾ മുതൽ യേശു എന്നു കേൾക്കുമ്പോൾ ഹൃദയത്തിൽ ഒരു വേദന അനുഭവപ്പെടുന്നത് താൻ മനസ്സിലാക്കിയിരുന്നു. ക്രിസ്തുമസ് ദിനത്തിൽ കൊള്ള ചെയ്യാതെ മടങ്ങി. പിന്നീട് ഒരു ദിവസം സുവിശേഷം അറിയിക്കുവാൻ വന്നവരെ ആളുകൾ തടഞ്ഞ് അമേരിക്കക്കാരുടെ കൂലിക്കാരെന്നു പറഞ്ഞ് ബഹളമുണ്ടാക്കുവാൻ ശ്രമിച്ചപ്പോൾ താൻ ഇടപെട്ട് പ്രശ്നം ശാന്തമാക്കി. താനും വില കൊടുത്ത് അവരുടെ കയ്യിൽ നിന്നും ഒരു വേദപുസ്തകം വാങ്ങി വായിക്കുവാൻ തുടങ്ങി. മിദ്യാന്യനെ കൊന്ന മോശയോടു ദൈവത്തിനു സ്നേഹമുണ്ടായിരുന്നെങ്കിൽ എന്നെയും ദൈവം സ്നേഹിക്കു എന്നു ഹൃദയത്തിൽ കരുതി തന്റെ പ്രവർത്തികൾ തുടർന്നു.

പലപ്പോഴും സ്വപ്നത്തിൽ കൂടി ദൈവം ഇടപെട്ടിട്ടും അതൊന്നും കാര്യമാക്കാതെ തന്റെ പാതകളിൽ ജീവിച്ചു. അനേക അമ്പലങ്ങളും പള്ളികളും സന്ദർശിച്ചു നേർച്ച അർപ്പിച്ചു. ദൈവങ്ങളുടെ രൂപങ്ങൾ കറുത്ത ചരടിൽ കോർത്ത് കഴുത്തിലും കാളിയമ്പലത്തിലെ കറുത്ത ചരട് അരയിലും കെട്ടി. രുദ്രാക്ഷം, ഗോമേദകം, പുഷ്പരാഗം എന്നിവകൊണ്ടുള്ള മോതിരങ്ങൾ കയ്യിൽ അണിഞ്ഞു. 10-ാം വയസ്സിൽ തുടങ്ങിയ മദ്യപാനം, കഞ്ചാവ്, ചരസ്, സിഗരറ്റ്, വെറ്റില ഇവയുടെ ഉപയോഗവും നിറുത്തിയിരുന്നില്ല. താൻ ആഗ്രഹിക്കാത്ത പലതും ചെയ്തു കൊണ്ടിരിക്കുമ്പോഴും തന്നെ പാപിയായി കാണാതെ ഒരു ഹീറോയായി ജീവിച്ചു. താൻ ചെയ്യാത്ത ഒരു കുലപാതക കേസ്സിൽ അകപ്പെടുത്തി മുൻമ്പുള്ള പല കേസുകളും തന്റെ മേൽ ചുമത്തി 'ഭരത്വാൻ' ജയലിൽ അടച്ചു.

ഭരത്വാൻ ജയിലിലും അനേക പരിചയക്കാരെ തനിക്കു കിട്ടി. അധികാരികളിൽ പലരും മുൻമ്പ് പരിചയമുള്ളവർ. ചെറുപ്രായം മുതൽ ജയിൽ ജീവിതം തനിക്കു പഴകിയ ഒന്നായിരുന്നതുകൊണ്ട് ജയിലിലെ കഷ്ടത താൻ അറിഞ്ഞതേയില്ല. താൻ പേരെടുത്ത കൊള്ളക്കാരൻ ആയതുകൊണ്ട് തനിക്ക് ആഹാരം പാകം ചെയ്യുവാനും, വസ്ത്രം അലക്കാൻ, വെള്ളം കൊണ്ടുവരാൻ, ശരീരം 'മസാജ്' ചെയ്യുവാൻ കാറ്റുവീശികൊടുക്കുവാൻ, തനിക്കുവേണ്ടി പാട്ടുപാടുവാൻ എല്ലാം ആളുകൾ തയ്യാറായിരുന്നു. അധികാരികൾക്കു കൈക്കൂലികൊടുത്ത് തന്റെ ഇഷ്ടത്തിനു ബീഡിയും സിഗരറ്റും, കഞ്ചാവും, ചാരായവും അവിടെ ലഭിച്ചു.

ശിക്ഷിക്കപ്പെട്ടു ജയിലിൽ കഴിയുന്ന സമ്പന്നൻ, രാഷ്ട്രീയക്കാർ, ജയിൽ അധികൃതരുടെ കയ്യാളുകൾ തുടങ്ങിയവർ ജയിലിൽ സുഖമായി കഴിയുന്നു. എന്നാൽ മറ്റു തടവുകാർ അനുഭവിക്കുന്ന വേദനകൾക്ക് അളവില്ല. കാവൽക്കാരിൽ നിന്നും മുകളിൽ പറഞ്ഞിരിക്കുന്ന കൂട്ടരിൽ നിന്നും പീഡകൾ സഹിക്കേണ്ടിയവരും ലഭിക്കുന്നത് ചോദ്യം ചെയ്യാതെ ഭക്ഷിച്ച് എഴുന്നേറ്റു പോകേണ്ട ഗതികേടാണ് അവർക്കുള്ളത്. പൊതുവായി പറഞ്ഞാൽ ജയിൽ 'ക്രിമിനൽ കോളേജ്' എന്നും മൈനർ ജയിൽ 'ക്രിമിനൽ സ്കൂൾ' എന്നും വിളിക്കുന്നതാണ് ഉത്തമം. കാരണം ജയിലിൽ നിരപരാധികളായ അനേകർ ഉണ്ട്. വിസ്താര തടവുകാരായി ചില വർഷങ്ങൾ ജയിലിൽ കഷ്ടത അനുഭവിച്ച ശേഷം പുറത്തുവന്ന് കുറ്റകൃത്യം ചെയ്യുന്നതിൽ തല്പരരാകുന്നു. കുറ്റകൃത്യങ്ങൾ തൊഴിലാക്കിയവർക്ക് ജയിൽ സകല സൗകര്യങ്ങളുമുള്ള 'അമ്മായിയമ്മ വീട്' ആണെന്നു പറയാം. തടവുകാരിൽ ചിലർ കാമവെറിപൂണ്ട് ഭാര്യ ഭർത്താക്കന്മാരെ പോലെ ജീവിക്കുന്നു. ഇതിൽ ഭാര്യയെന്ന പദവി വഹിക്കുന്ന ആൾ ആരെങ്കിലുമായി ഇടപഴകിയാൽ വേറെ ആരെങ്കിലുമായി അധികം ഇടപഴകിയാൽ അവരുടെ ഇടയിൽ അടിയും കത്തി കുത്തും ചിലപ്പോൾ കൊലപാതകം വരെ സംഭവിക്കുന്നു. ജയിലിൽ തടവുകാർക്കു വരുന്ന സാധനങ്ങൾ മറിമായം നടത്തുന്ന അധികാരികളും ഉണ്ട്.

**ഭൂകമ്പവും ജയപാലിന്റെ മാനസാന്തരവും**

ഒരു ദിവസം ജയിലിലെ വാർഡിനു പുറത്ത് ജയപ്പാൽ നടന്നു കൊണ്ടിരിക്കുമ്പോൾ തടവുകാരും കാവൽക്കാരും ചിതറി ഓടുന്നു. മുകളിലെ നിലയിൽ നിന്നും താഴേക്ക് ഓടുന്നവർ ഒരുവൻ മറ്റൊരാളെ ഇടിച്ചു വീഴുന്നു. അല്പം കഴിഞ്ഞപ്പോൾ സ്ഥിതി ശാന്തമായി. താനും സ്തംഭിച്ചു നിൽക്കുമ്പോൾ ഭൂകമ്പം ഉണ്ടായതായി മനസ്സിലായി. പെട്ടെന്ന് താൻ ചെറുപ്രായത്തിൽ വായിച്ചവേദഭാഗത്ത് മത്താ.24 ൽ യേശുക്രിസ്തുവിന്റെ രണ്ടാം വരവിനു മുൻമ്പായി ഭൂകമ്പങ്ങൾ ഉണ്ടാകുമെന്നു വായിച്ചത് ഓർമ്മ വന്നു. എന്തോ ഹൃദയത്തിൽ ഒരു അലട്ടൽ, അസമാധാനം, ഭീതി എല്ലാം കൂടി ആയപ്പോൾ താൻ 'യേശുവേ' എന്ന് വിളിച്ചു.

തന്നേക്കുറിച്ചു ചിന്തിക്കുവാൻ തുടങ്ങി. തന്റെ ഭവനത്തിൽ താൻ മാത്രം എന്തു കൊണ്ട് ഇങ്ങനെ ആയി. ചെറുപ്പം മുതൽ ജയിൽ, മോഷണം, കൊല, കൊള്ള, വ്യഭിചാരം തുടങ്ങിയ കെട്ടുകളിൽ കുടുങ്ങിയിരിക്കുന്നു. കുറ്റവാളിയും പാപിയും എന്ന തോന്നൽ തനിക്ക് അനുഭവപ്പെട്ടു. ലോകത്തിലുള്ള സകല സ്നേഹബന്ധങ്ങളും കേവലം കൊടുക്കവാങ്ങലുകളിൽ മാത്രം. എന്തെങ്കിലും ലഭിച്ചതുകൊണ്ടോ ലഭിക്കുകന്നതിനായോ സ്നേഹിക്കുന്നു. എന്നാൽ ഒന്നും പ്രതീക്ഷിക്കാതെ, ഒന്നും കൊടുക്കുവാൻ കഴിയാത്ത, ഒന്നും ഇല്ലാത്ത മനുഷ്യ വർഗ്ഗത്തെ യേശു സ്നേഹിക്കുന്നു. യേശു തനിക്കായി പ്രാണൻ നൽകി, അവസാനതുള്ളി രക്തം വരെ നൽകിയല്ലോ എന്ന് ഓർത്തു താൻ കരയുവാൻ തുടങ്ങി. പിറ്റേ ദിവസം തന്റെ ബൈബിൾ എടുപ്പിക്കുവാൻ ശ്രമിച്ചെങ്കിലും അതു കിട്ടിയില്ല. പിന്നീടു ബൈബിൾ സൊസൈറ്റിക്ക് പലപ്രാവശ്യം താൻ കത്തുകൾ എഴുതിയെങ്കിലും ബൈബിൾ കിട്ടിയില്ല. ഒടുവിൽ വേളാങ്കണ്ണി പള്ളിക്ക് ഒരു കത്തെഴുതി. അവിടെ നിന്നും ഒരു പുതിയ നിയമം തനിക്ക് അയച്ചുകൊടുത്തു. വേദപുസ്തകം ശ്രദ്ധയോടുകൂടി വായിച്ചു തുടങ്ങി. ലൂക്കോസ് 23-ാം അദ്ധ്യായത്തിൽ ക്രൂശിലെ കള്ളന് പാപക്ഷമ പ്രാപിക്കുവാനും, പറുദീസ ലഭിക്കുവാനും, നിത്യജീവൻ കരസ്ഥമാക്കുവാനും കഴിഞ്ഞത് അവന്റെ അനുതാപത്തോടുകൂടിയ അപേക്ഷയും താൻ പാപിയാണെന്നും ശിക്ഷയ്ക്ക് യോഗ്യൻ എന്നുമുള്ള സമ്മതിക്കലുമാണ്. യേശു തന്നെ കർത്താവ് എന്ന് അവനു ഗ്രഹിക്കുവാൻ കഴിഞ്ഞു.

വൈകിട്ട് ജയിലിന്റെ വാതിൽ അടച്ചശേഷം താൻ ചെറുപ്പം മുതൽ ചെയ്ത തെറ്റുകൾ യേശുവിനോട് ഏറ്റുപറയുവാൻ തുടങ്ങി. ഹൃദയം ദൈവത്തോടുതേങ്ങി കണ്ണുനീർ വറ്റാതെ ഒഴുകി. രാത്രി മൂന്നു മണി ക്ലോക്കിൽ അടിക്കുന്നതു കേട്ടു. തടവുകാർ ഉറക്കമാണ്. തന്റെ മേൽ ഒരു പ്രകാശം വന്നതും താൻ അറിഞ്ഞു. ആ പ്രകാശം തന്റെ മേൽ വസിച്ചു. വർണ്ണിക്കുവാൻ കഴിയാത്ത സന്തോഷവും ആനന്ദവും തന്നിൽ നിറഞ്ഞു. ജയപാൽ കുതിച്ചുചാടി തുള്ളിയും പാടിയും ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. മറ്റുള്ള തടവുകാർ ഉണർന്നു. കാവൽക്കാരെ വിളിച്ചു ജയപ്പാലിനു ഭ്രാന്തു മുഴുത്തിരിക്കുന്നുവെന്നു പറഞ്ഞു. എന്നാൽ കാവൽക്കാർ ചോദിച്ച കാര്യങ്ങൾക്കു ജയപ്പാൽ സുബോധത്തോടെ ഉത്തരം നൽകി. അടുത്ത ദിസവം ആഹാരം വിളമ്പുമ്പോൾ താനും മറ്റുള്ളവരെപ്പോലെ നിരയിൽ നിന്ന് ആഹാരം വാങ്ങി. ജയപ്പാലിന്റെ വ്യത്യാസം ഉദ്യോഗസ്ഥർക്കും ജയിൽവാസികൾക്കും ആശ്ചര്യമായിരുന്നു. എത്രശിക്ഷ നൽകിയാലും തീരാത്ത തന്റെ പാപങ്ങളെ യേശു പരിപൂർണ്ണമായി ക്ഷമിച്ചു. യേശു ഇന്നും ജീവിക്കുന്നു. (എഫെ.2:8-10).

ജയപ്പാൽ തെറ്റുകൾ കോടതി മുമ്പാകെ സമ്മതിച്ചു. വധശിക്ഷയോ ജീവപര്യന്തമോ ലഭിക്കേണ്ട സ്ഥാനത്ത് ഏഴുവർഷത്തെ തടവും 1000 രൂപാ പിഴിയും. തടവുകാലത്ത് അടയ്ക്കപ്പെട്ട ജയിലുകളിൽ സുവിശേഷം അറിയിച്ചു. പലരും യേശുവിനെ രക്ഷകനായി സ്വീകരിച്ചു. 7.2.1979-ൽ ജയിൽ മോചിതനായി തമിഴ്നാട്ടിൽ എത്തിയ ജയപാലിനെ ആരും കയ്കൊള്ളാതെ മൂന്നു വർഷത്തോളം അലഞ്ഞു തിരിഞ്ഞു. പലപ്പോഴും പിശാചു തന്നെ പഴയ അനുഭവത്തിലേക്കു മടക്കി കൊണ്ടുപോകാൻ ശ്രമിച്ചുവെങ്കിലും ലാസറിന്റെ അനുഭവം ഉണ്ടായാലും ശരി ഇനിയും ആയുധം എടുക്കയില്ല എന്ന തീരുമാനത്തിൽ ഉറച്ചു നിന്നു. ഒടുവിൽ ഡൽഹിയിലെത്തി ഒരു ഹോട്ടലിൽ വൃത്തിയാക്കലും എച്ചിൽ പാത്രം വൃത്തിയാക്കുന്നതുമായ പണി ചെയ്തു. എപ്പോഴും സ്തുതിച്ചും സ്തോത്രം പാടിയും സുവിശേഷം അറിയിച്ചു കൊണ്ടും മുന്നോട്ടു നീങ്ങുമ്പോൾ ഒരു ട്രാവൽ ഏജൻസിയിലും സബ് ഏജന്റായി പ്രവർത്തിച്ചു. ഡൽഹി ഗ്രീൻപാർക്ക് ബൈബിൾ ചർച്ചിൽ തനിക്ക് കൂട്ടായ്മയും ലഭിച്ചു.

1983 ഈസ്റ്റർ ദിനത്തിൽ സ്നാനപ്പെട്ട ജയപ്പാലിന് സഭരാജൻ യേശുദാസ് എന്ന പേരു നൽകി. വ്യാഴാഴ്ച ലഘുലേഖ വിതരണം, വെള്ളിയാഴ്ച ഉപവാസം, ഞായറാഴ്ച ആരാധനയായി തുടരുമ്പോൾ സഭാ പാസ്റ്റർ തന്നെ കർത്താവിന്റെ വേലയ്ക്കായി പ്രാർത്ഥിച്ചു വേർതിരിച്ചു. ചിലനാളുകൾ ആ സഭയിലും ശുശ്രൂഷിച്ചു. 4 മാസം കർണാടകയിൽ പാസ്റ്റർ ചെല്ലദ്ദൊരൈയുടെ പ്രവർത്തനത്തിൽ സഹകരിച്ചു. അവിടെ അനേകർ യേശുവിനെ രക്ഷകനായി സ്വീകരിച്ചു. മടങ്ങി വീണ്ടും ഡൽഹിയിൽ എത്തി. ദൈവം തനിക്കു ജീവിത പങ്കാളിയേയും ഒരുക്കി. ജയിലിൽ നിന്നും പുറത്തു വന്നപ്പോൾ പലപ്പോ

(ശേഷം പേജ് 10)

ഴും ഫ്ളാറ്റുഫോമിൽ ഉറങ്ങേണ്ടി വന്നുവെങ്കിലും കർത്താവിന്റെ വേല ചെയ്യുവാൻ തുടങ്ങിയപ്പോൾ മുതൽ ദൈവം മാനിച്ചു. അനേകയിടങ്ങളിൽ സാക്ഷ്യം പ്രസ്താവിച്ചു. സുവിശേഷം പറയുവാൻ മടിക്കാതെ സകലരോടും യേശുവിനെക്കുറിച്ചു പറഞ്ഞു.

ദൈവീക പ്രേരണയാൽ ലോകസഭയിലും രാജ്യസഭയിലുമുള്ള എം.പി.മാർക്കും എം.എൽ.എമാർക്കും പുതിയനിയമം വിതരണം ചെയ്തു. ചിലർക്കു വേദപുസ്തകം നൽകി. മുൻ രാഷ്ട്രപതിമാരായ കെ.ആർ.നാരായണൻ, ആർ വെങ്കിട്ടരാമൻ, ശങ്കരദയാൽ ശർമ്മ, മുൻ പ്രധാനമന്ത്രിമാരായ നരസിംഹറാവു, ചന്ദ്രശേഖരൻ തുടങ്ങി ക്യാബിനറ്റു മന്ത്രിമാർക്കും തന്റെ അനുഭവ സാക്ഷ്യവും വേദപുസ്തകവും നൽകി. സുവിശേഷത്തിനു ബന്ധനമില്ല. അത് ആരോടു പറയുവാനും തനിക്കു ലജ്ജയില്ലാതെ ഇന്നും പ്രവർത്തിക്കുന്നു.

**ഡൽഹി തിഹാർ ജയിൽ പ്രവർത്തനം (Prison fellowship india)**

ജയിലറകളിൽ സുവിശേഷം എത്തിക്കുവാൻ നീണ്ട പത്തുവർഷത്തോളം അദ്ദേഹം (Rajan/Jayapal) പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 1993-ൽ പ്രാർത്ഥനയ്ക്കു മറുപടി ആയി. തീഹാർ ജയിലിൽ ആദ്യത്തെ വനിതാ IPS കാരി കിരൺ ബേദി ഐ.ജി ആയി സ്ഥാനമേറ്റപ്പോൾ ഒരു ക്രിസ്തുമസ് പ്രോഗ്രാമിന് ജയിലിൽ അനുമതി ലഭിച്ചു. ജയിൽ സന്ദർശിക്കവേ കിരൺ ബേദിയുമായി അദ്ദേഹം തന്റെ അനുഭവങ്ങൾ പങ്കുവെച്ചു. ആശ്ചര്യത്തോടെ കേട്ടിരുന്ന ഐ.ജി തന്റെ സെക്രട്ടറിയെ വിളിച്ച് രാജൻ അവറുകൾക്ക് എല്ലാ ജയിലിലും പോകുവാനുള്ള പാസ് നൽകുവാൻ ഉത്തരവിട്ടു. High security cell -ൽ കിടന്നിരുന്ന ചാൾസ് ശോഭരാജ്, ദാവൂദ് ഇബ്രാഹിം, അവരുടെ കൂട്ടാളികൾ, തീവ്രവാദികൾ തുടങ്ങിയവരോടും സുവിശേഷം അറിയിക്കുവാൻ സാധിച്ചു. ദാവൂദ് ഇബ്രഹാമിന്റെ കൂട്ടത്തിലുള്ള മൂന്നുപേർ അന്ന് കർത്താവിനെ രക്ഷകനായി സ്വീകരിച്ചു. അന്ന് ജയിലിൽ കിടന്ന ജാർ കണ്ട് മുക്തി മോർച്ച (JMM) നേതാവ് ശൈലേന്ദ്രമഹാത്തോ യേശുവിനെ സ്വീകരിച്ച് തന്റെ കുറ്റം ഏറ്റുപറഞ്ഞു. കോടതി അദ്ദേഹത്തെ വെറുതെ വിട്ടു. തുടർന്നു താനും കുടുംബവും യേശുക്രിസ്തുനെ രക്ഷകനായി സ്വീകരിച്ചു. ഈ വാർത്ത അന്നത്തെ പ്രമുഖ പത്രങ്ങൾവരെ പ്രസിദ്ധീകരിച്ചു. 'സത്യം നിങ്ങൾ അറിഞ്ഞാൽ സത്യം നിങ്ങളെ സ്വതന്ത്രരാക്കും' എന്ന വചനമാണ് അദ്ദേഹത്തെ ആകർഷിച്ചത്. (27-11-97 ലെ വാർത്ത)


Prison Fellowship India യുടെ പ്രവർത്തനം തിഹാർ ജയിലിൽ 24-ാം വർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. 12 പേർ ജയിലിൽ പ്രവർത്തിക്കുന്നു. എല്ലാ ജയിലിലും ആരാധന നടക്കുന്നു. ഡൽഹിയിലെ രോഹിണി ജയിൽ കൂടാതെ പുതുതായി ആരംഭിച്ച മണ്ടോളി () ജയിലിലും പ്രവേശന അനുമതിയുണ്ട്. അവിടേയും പ്രവർത്തിക്കുന്നു. സുവിശേഷത്തോടൊപ്പം, കൗൺസിലിംഗ്, നൽകുന്നു. കൂടാതെ തടവറയിൽ കിടക്കുന്നവർക്ക് ആവശ്യമായ പഠനസഹായികളും പെൻ, പെൻസിൽ ബൈബിൾ, ട്രക്റ്റ് തുടങ്ങി അവർക്ക് കാണുവാൻ ആരും വരുന്നില്ലായെങ്കിൽ ധരിക്കുവാൻ വസ്ത്രം തണുപ്പിന് ആവശ്യമായ കമ്പളി വസ്ത്രങ്ങൾ എന്നിവ നൽകുന്നു. ചിലർക്ക് അവരുടെ പുറത്തുള്ള വർക്ക് റേഷൻ എത്തിച്ചു കൊടുക്കേണ്ടിവരുന്നു. കൂടാതെ കുട്ടികളുടെ പഠനത്തിനും സഹായിക്കുന്നു. പതിനയ്യായിരത്തിൽ (15000) അധികം വരുന്ന തടവുകാരുടെ ആവശ്യങ്ങൾ അധികമാണ്. അല്പമെങ്കിലും ചെയ്തുകൊടുക്കുവാൻ ദൈവം സഹായിക്കുന്നു. സ്ത്രീകളുടെ ജയിലിൽ അവരോടൊപ്പം കൊണ്ടുവന്നതും അവിടെ വന്നു ജനിച്ചതുമായ 25-30 വരെ കുട്ടികൾ ഉണ്ട്. അഞ്ചു വയസിനു താഴെ പ്രായമുള്ള കുട്ടികൾക്ക് ഈ വർഷം കമ്പളിയും കമ്പളി വസ്ത്രങ്ങളും ചെരുപ്പും വാങ്ങി കൊടുക്കുവാൻ ഇടയായി. പ്രത്യേകിച്ച് ഫണ്ടില്ലാത്ത ഈ പ്രവർത്തനത്തിന് ഇന്നുവരെ അതിൽ പ്രവർത്തിക്കുന്നവർ തന്നെയാണ് ഈ ആവശ്യങ്ങൾക്കു വേണ്ടി ചിലവിടുന്നതും. ദേശത്തിന്റെ ഉന്നതൻ തുടങ്ങി ചെറിയ കുട്ടികൾ വരെ യേശുവിനെ അറിയുവാൻ ഈ പ്രവർത്തനത്തിന് ഇന്നുവരെ അതിൽ പ്രവർത്തിക്കുന്നവർ തന്നെയാണ് ഈ ആവശ്യങ്ങൾക്കു വേണ്ടി ചിലവിടുന്നതും. ദേശത്തിന്റെ ഉന്നതർ തുടങ്ങി ചെറിയ കുട്ടികൾ വരെ യേശുവിനെ അറിയുവാൻ ഈ പ്രവർത്തനം മുഖാന്തരം സഹായിക്കുന്നു. തിഹാർ ജയിലിൽ ഇന്ത്യയിലെ എല്ലാ സ്റ്റേറ്റിൽ നിന്നുള്ളവരും വിവിധ രാജ്യക്കാരും അടങ്ങുന്ന തടവുകാർ ഉണ്ട്.

സുവിശേഷകൻ രാജന് ഇന്നും സ്വന്തമായി ഒരു ഭവനമില്ല. വാടകവീട്ടിലാണ് താമസം. കഴിഞ്ഞ വർഷം ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായ അദ്ദേഹം 15 ദിവസം അബോധാവസ്ഥയിൽ കിടന്നു. ദൈവം അദ്ദേഹത്തിന് വലിയ വിടുതൽ കൊടുത്തു. ജയിലിലെ ആവശ്യത്തിനു പോയി വരുമ്പോൾ ഓപ്പറേഷൻ കഴിഞ്ഞ് ആറുമാസത്തിനുള്ളിൽ ഒരു റോഡാക്സിഡന്റിൽ അദ്ദേഹത്തിന്റെ രണ്ടു വാരിയെല്ലുകൾ പൊട്ടി. ഭവനത്തിൽ വിശ്രമിക്കുമ്പോൾ കുടലിൽ അൾസർപ്പൊട്ടി രക്തം വളരെ വാർന്നു പോയതിനാൽ 6-7 യൂണിറ്റ് രക്തം ആവശ്യമായി വന്നു. ചികിത്സകളൊക്കെ ഡൽഹിയിലെ St.Stephen Hospital- ൽ നടന്നു. എങ്കിലും മരണത്തിൽ നിന്നുള്ള നീക്കുപോക്കുനൽകിയതു വലിയവനായ ദൈവമാണ്. ശരീരബുദ്ധിമുട്ടുകൾ വർദ്ധിച്ചപ്പോൾ താൻ സുഖത്തിലും ദുഃഖത്തിലും പാർത്തിരുന്ന നിസാമുദ്ദീനിലുള്ള വാടകവീടു വിട്ട് ജയിലിനടുത്തുതന്നെ വീട് വാടകയ്ക്ക് എടുത്തു. ഇന്നും തന്റെ ഇരുചക്രവാഹനത്തിൽ പ്രവർത്തകർ എത്തുന്നതിനു മുൻപ് എത്തും. ലീഡർ എന്ന ചിന്തയില്ലാതെ സഹപ്രവർത്തകരെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ സാക്ഷ്യം തടവറയിൽ കിടക്കുന്നവർക്കും അധികാരികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നു.

തടവറയിൽ ആയിരുന്നപ്പോൾ തമിഴ്നാട് മുൻ മന്ത്രി കനിമൊഴിക്കും, കോഴകേസിൽ പിടിക്കപ്പെട്ട ക്രിക്കറ്റ് താരം ശ്രീശാന്തിനും സുവിശേഷപ്രതി നൽകുവാൻ പ്രവർത്തകർക്കു സാധിച്ചിട്ടുണ്ട്. യേശു പറഞ്ഞു 'ഞാൻ തടവിൽ ആയിരുന്നു നിങ്ങൾ എന്റെ അടുക്കൽ വന്നു' പ്രവർത്തകർക്ക് ധൈര്യത്തോടെ പറയുവാൻ കഴിയും തടവറയിൽ കിടക്കുന്നവരുടെ അടുത്ത് യേശു ഞങ്ങളെ അയച്ചു എന്ന്, ഈ പ്രവർത്തനത്തെ ഓർത്ത് ഏവരും പ്രാർത്ഥിക്കുക.

(ലേഖിക ആയിരിക്കുന്ന ഷൈനി ഡാനിയേലും ഭർത്താവ് പാസ്റ്റർ പി.ഡാനിയേലും പന്ത്രണ്ടു പ്രവർത്തകരിൽ അംഗങ്ങളാണ്).

ഫോൺ: 011 22327217, 09868380584



മത്സ്യം യോനായെ വിഴുങ്ങുവാൻ ഒരുങ്ങുന്നു


## മാട്രിമോണിയൽ

പെന്തക്കോസ്ത് യുവതി, 26 വയസ് വെളുത്തനിറം ഉയരം 160 cm BSC നേഴ്സ് വിദേശത്ത് ജോലിയുള്ള എഞ്ചിനിയർ / MBA ബിരുദധാരികളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. ഫോൺ: 8547245634

പുരാതന ഓർത്തഡോക്സ് പശ്ചാത്തലത്തിൽ നിന്നുള്ള പെന്തക്കോസ്ത് യുവാവ്. 32 വയസ്സ്, 5'6 ഉയരം. ഇലക്ടിക്കൽ ഡിപ്ലോമ, B.Com ബിരുദധാരി. അബുദാബിയിൽ ജോലി. നേഴ്സുമാർക്ക് മുൻഗണന. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. ഫോൺ: 9895853967

**വിടുതൽ ശുശ്രൂഷ തിരുവല്ലയിൽ**



**പാസ്റ്റർ ടി.എം.മാമ്മച്ചൻ**

നേതൃത്വം നൽകുന്നു

**എല്ലാ വെള്ളിയാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ടൗൺ സഭാ ഹാൾ**

**(ടി.കെ.റോഡ്, റെയിൽവേ ഓവർബ്രിഡ്ജിന് സമീപം, തിരുവല്ല)**

**Mob: 9747994276**

● പരാജയപ്പെടുന്നു എന്ന തോന്നലുകൾ ● തകർന്ന ജീവിത സാഹചര്യങ്ങൾ ● എല്ലാം നഷ്ടപ്പെട്ടു എന്ന ചിന്ത ● **നിങ്ങളുടെ വിടുതൽ വേഗത്തിൽ സംഭവിക്കും**






# നിത്യതയിൽ

## പാസ്റ്റർ റെറ്റസ് എ.നൈനാൻ



കുറത്തിക്കാട്: ചർച്ച് ഓഫ് ഗോഡ് കേരളാസ്റ്റേറ്റ് ജനറൽ മിനിസ്റ്ററായ ആലുംമൂട്ടിൽ പാസ്റ്റർ റെറ്റസ് എ.നൈനാൻ (56) നിത്യതയിൽ പ്രവേശിച്ചു. മാവേലിക്കര കുറത്തിക്കാട് NPWM ബൈബിൾ സെമിനാരി പ്രിൻസിപ്പളായി പ്രവർത്തിച്ചു വരികയായിരുന്നു. ഭാര്യ ലിസി മക്കൾ ആൻസൺ, അക്സ മരുമക്കൾ ജിൻസ്, ഡേവിഡ്. സംസ്കാരശുശ്രൂഷ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസ് നടത്തി. പാസ്റ്റർമാരായ എം.കുഞ്ഞപ്പി, പി.ജി.മാത്യൂസ്, ജോൺസൺ ഡാനിയേൽ, പി.സി.ചെറിയാൻ, ഷിബു കെ.മാത്യു, റ്റി.എം.മാമച്ചൻ, ജോസ് ബേബി സജി ഏബ്രഹാം, ജെ.ജോസഫ്, വൈ.ജോസ്, ജോസഫ് മറ്റത്തുകാല, ജോയി എ.ചാക്കോ, റോയി.പി.ജോർജ് തുടങ്ങി അനേക കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

## പാസ്റ്റർ ജോൺസൺ സാമുവേൽ



**കുമളി:** ജനുവരി 21 ശനിയാഴ്ച കോഴഞ്ചേരിയിൽ നടന്ന അപകടത്തിൽ കുമളി വള്ളക്കടവ് ഐ.പി.സി.സഭാ ശുശ്രൂഷകൻ പാസ്റ്റർ ജോൺസൺ സാമുവേൽ മരണമടഞ്ഞു. അദ്ദേഹത്തിന്റെ മകൾ ഗുരുതര പരുക്കുകളോടെ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജിൽ ചികിത്സയിലാണ്. ഇവർ സഞ്ചരിച്ചിരുന്ന ബൈക്കിൽ ടിപ്പർ ലോറി ഇടിച്ചാണ് അപകടമുണ്ടായത്.

പാസ്റ്റർ ജോൺസൺ സാമുവേലിന്റെ മൃതദേഹം ജനവരി 22-ന് കുമ്പനാട് കൺവൻഷന്റെ സമാപനാനന്തരം പന്തലിൽ പൊതുദർശനത്തിന് വച്ച ശേഷം 23-ന് കുമളിയിൽ സംസ്ക്കരിച്ചു. ഇദ്ദേഹത്തിന്റെ മകൾ ഗ്ലോറി ബി.എസ്.എസി നേഴ്സിംഗ് കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ചതേയുള്ളു. ഗുരുതരമായ പരുക്കുകളുള്ള ഗ്ലോറിക്ക് ഇതിനകം പല ഓപ്പറേഷനുകൾ നടത്തിക്കഴിഞ്ഞു. ചികിത്സക്കും മറ്റും ഐ.പി.സി.പൂർണ്ണ ഉത്തരവാദിത്വത്തോടെ സാമ്പത്തിക കാര്യങ്ങൾ നിർവ്വഹിക്കുന്നതായി സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി അറിയിച്ചു. ജോൺസൺ പാസ്റ്ററുടെ ഭാര്യ വത്സമ്മ, മറ്റൊരു മകൾ ഗ്രേസ്.

## പാസ്റ്റർ കെ.സി.ജോണിന്റെ മകൻ



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് നാഷണൽ റെപ്രസെന്റേറ്റീവ് കുഴീപൊയ്കയിൽ പാസ്റ്റർ കെ.സി.ജോണിന്റെ മകൻ സജീവ് (32) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ മുളക്കുഴ സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസ് നടത്തി. പാസ്റ്റർമാരായ ബാബു ചെറിയാൻ, കുര്യാക്കോസ് ജേക്കബ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. ഭാര്യ: എലിസബേത്ത് സജീവ്, മാതാവ് : ഗിഫ്റ്റി ജോൺ. സഹോദരങ്ങൾ സാം, സ്നേഹ, സ്മിത, ഷെറിൻ, പാസ്റ്റർമാരായ എം.കുഞ്ഞപ്പി, ജോൺസൺ ഡാനിയേൽ, പി.ജി.മാത്യൂസ്, ജെ.ജോസഫ്, വൈ.റെജി, ഷിബു കെ.മാത്യു, വൈ.ജോസ്, പി.സി. ചെറിയാൻ, റ്റി.എം.മാമച്ചൻ, പി.ആർ ബേബി, സജി ജോർജ്ജ്, സജി ഏബ്രഹാം, തോമസ് എം.പുളിവേലിൽ, സണ്ണി താഴാംപള്ളം, ജോൺ തോമസ്, ജോസ് ബേബി, എം.ഒ. ഏലിയാസ്, കെ.സി.സണ്ണിക്കുട്ടി, സാംകുട്ടി മാത്യു, ജോസഫ് മറ്റത്തുകാലാ, ജേക്കബ് ഇട്ടി, കെ.എ.ഉമ്മൻ തുടങ്ങി അനേക കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

## സാറാമ്മ ജോസഫ്



**തുരുത്തിക്കാട്:** ചിറയിൽ പരേതനായ ജോസഫ് സഖറിയായുടെ ഭാര്യ സാറാമ്മ ജോസഫ് (75) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്ക്കാര ശുശ്രൂഷ ഐപിസി തുരുത്തിക്കാട് സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് നടത്തി. ചർച്ച് ഓഫ് ഗോഡ് കർണ്ണാടക ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി ഉൾപ്പെടെ ഐപിസി നേതൃനിരയിൽ പ്രവർത്തിക്കുന്ന അനേക ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു മക്കൾ പാസ്റ്റർ സ്റ്റാൻലി ജോസഫ് (ഐപിസി ന്യൂജേഴ്സി, റോണി ജോസഫ് (കുവൈറ്റ്) മരുമക്കൾ എസ്തേർ, സുബിത.

## ഏലിയാമ്മ ജോൺ

**ഇലക്കൊടിഞ്ഞി :** ഏലിയാമ്മ ജോൺ (93) പ്രിയംവെച്ച ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരശുശ്രൂഷ ഇലക്കൊടിഞ്ഞി ദൈവസഭാ സെമിത്തേരിയിൽ നടത്തി. ഇലക്കൊടിഞ്ഞി ദൈവസഭാശുശ്രൂഷകൻ പാസ്റ്റർ സാം ഈശോ നേതൃത്വം കൊടുത്തു. പാസ്റ്റേഴ്സ് എം.കുഞ്ഞപ്പി, കെ.വി.ജോയിക്കുട്ടി, ജെയിംസ് വർഗ്ഗീസ് തുടങ്ങി അനവധി ദൈവദാസന്മാർ ഭവനത്തിലും സെമിത്തേരിയിലും എത്തി അനുശോചനവും ആശ്വാസവചനങ്ങളും അറിയിച്ചു.

## ഏലിയാമ്മ തോമസ്

**തോട്ടഭാഗം:** അടിച്ചിപ്പുറത്ത് ഏലിയാമ്മ തോമസ് (98) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരശുശ്രൂഷ പാമല സെമിത്തേരിയിൽ പാസ്റ്റർ എം.കുഞ്ഞപ്പി നടത്തി. പരേത മുരിങ്ങിശ്ശേരിൽ കുടുംബാംഗമാണ്. പരേതനായ കെ.പി. തോമസിന്റെ സഹധർമ്മിണിയായിരുന്നു. 1975 ലാണ് വിശ്വാസസ്നാനം സ്വീകരിച്ച് വേർപെട്ടുവന്നത്. മകനോടൊപ്പം മംഗാലാപുരത്ത് താമസിച്ചു വരികയായിരുന്നു. പരേതനായ കെ.പി.ഫിലിപ്പോസ്, കെ.പി.മറിയാമ്മ, പരേതനായ കെ.പി.കുര്യൻ, കെ.പി.ജോൺ തങ്കമ്മ തോമസ്, പാസ്റ്റർ വർഗ്ഗീസ് കെ.തോമസ്, ലീലാമ്മ എന്നിവർ മക്കളും, സാറാമ്മ ഫിലിപ്പോസ് പരേതനായ സി.റ്റി.ഏബ്രഹാം, കുഞ്ഞമ്മ, കുഞ്ഞുകുഞ്ഞമ്മ, സി.ഈ മത്തായി. ബ്ലസി വർഗ്ഗീസ്, കെ.ആർ.തോമസ് എന്നിവർ മരുമക്കളുമാണ്. പാസ്റ്റർ വർഗ്ഗീസ് കെ.തോമസ് ദൈവസഭയുടെ മംഗലാപുരം സെന്റർ പാസ്റ്ററാണ്.

## ഗ്രേസ് ജോസഫ്

പുതുപ്പള്ളി : ദൈവസഭാംഗമായ കല്ലുപുരയ്ക്കൽ കെ.ജെ.ജോസഫ് സാറിന്റെ സഹധർമ്മിണി ഗ്രേസ് ജോസഫ് (70) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരശുശ്രൂഷ പാസ്റ്റർ എം.കുഞ്ഞപ്പി നടത്തി. ഡിസ്ട്രിക് ശുശ്രൂഷകൻ പാസ്റ്റർ വി.ജെ.കുഞ്ഞമ്മൻ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ ഷിബു.കെ.മാത്യു തുടങ്ങി അനവധി ദൈവദാസന്മാർ ഭവനത്തിലും സെമിത്തേരിയിലും ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. ഡോ.ഫ്ളമിംഗ് ജോസഫ്, ജെറി ജോസഫ്, ജെസ്റ്റിൻ ജോസഫ് എന്നിവർ മക്കളും, ഷിജി, ഷേർലി എന്നിവർ മരുമക്കളുമാണ്. മക്കൾ രണ്ടു കുടുംബങ്ങളും യുകെയിലും

## ഫാ. ടോം ഉഴന്നാലിലിന്റെ മോചനം വൈകരുത് : ഐ.പി.സി.



**കുമ്പനാട്** : യമനിൽ നിന്നും 10 മാസം മുൻമ്പ് തീവ്രവാദികൾ തട്ടികൊണ്ട് പോയ ക്രിസ്ത്യൻ മിഷനറി ഫാ.ടോം ഉഴന്നാലിലിനെ മോചിപ്പിക്കുവാൻ വൈകുന്നതിൽ ഐ.പി.സി ഉൽകണ്ഠ രേഖപ്പെടുത്തി.

മറ്റുള്ളവരെ സ്നേഹിക്കുവാനും ധാർമ്മിക ബോധമുള്ള സമൂഹത്തെ വളർത്തിയെടുക്കുവാനും യജ്ഞിച്ച ഫാ.ടോമിന്റെ മോചനം വൈകരുതെന്ന് സഭാ ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോൺ കുമ്പനാട് കൺവൻഷനിൽ അവതരിപ്പിച്ച പ്രമേയം കേന്ദ്ര സംസ്ഥാന സർക്കാറിനോട് അഭ്യർത്ഥിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല പ്രത്യേക പ്രാർത്ഥന നടത്തി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ അദ്ധ്യക്ഷത വഹിച്ചു.



# ഹാർട്ട് ബ്ലോക്കിന് ഒറ്റമൂലിയുമായി

## ബിനോയ് വൈദ്യനും കുടുംബവും തിരുവല്ലായിൽ

**ഹൃ**ദയധമനികളിൽ ബ്ലോക്കുണ്ട്. ആൻജിയോ പ്ലാസ്റ്റിയോ ഓപ്പൺ ഹാർട്ട് സർജറിയോ അല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല എന്ന് വിധിയെഴുതിയ രോഗികളോട് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ കണ്ടോത്ത് നവജ്യോതി ആയുർവേദ ഹോം ഹെറിറ്റേജ് ഹോസ്പിറ്റൽ നടത്തുന്ന ചെറുപ്പക്കാരൻ ബിനോയ് വൈദ്യനും കുടുംബത്തിനും ഒരു അപേക്ഷയുണ്ട്. "ഹാർട്ട് സർജ്ജറിക്ക് ലക്ഷക്കണക്കിന് രൂപ ചിലവ് വരും. ഡോക്ടറുമായി നിങ്ങൾ തീയതി നിശ്ചയിക്കുമ്പോൾ കുറച്ചുദിവസം മുന്നോട്ടാക്കി നിശ്ചയിക്കുക. എന്നിട്ട് നിങ്ങൾ പയ്യന്നൂരുള്ള എന്റെ വീട്ടിൽ വരിക. ഇവിടെ രണ്ടോ മൂന്നോ ദിവസം താമസിച്ച് പച്ചമരുന്ന് ചികിത്സക്ക് വിധേയമാകുക. കുറച്ചു മാസങ്ങൾക്ക് ശേഷം തിരികെ ചെന്ന് ആൻജിയോഗ്രാം ഉൾപ്പെടെയുള്ള വൈദ്യപരിശോധനകൾ ചെയ്തു നോക്കുക."

വീണ്ടും ആവശ്യമെന്ന് ടെസ്റ്റുകളിൽ തെളിഞ്ഞാൽ മാത്രം ഓപ്പറേഷന് വിധേയമാകുക.

ഇതുപറയുമ്പോൾ ബിനോയ് വൈദ്യർ പൂർണ്ണ ആത്മവിശ്വാസത്തോടെ അവകാശപ്പെടുന്നു ഇവിടുത്തെ ചികിത്സയും കൃത്യമായ പഥ്യവും കഴിഞ്ഞ് പരിശോധന നടത്തുമ്പോൾ ഒരു ബ്ലോക്കും ഉണ്ടായിരിക്കയില്ല. ഇവിടുത്തെ ചികിത്സ വളരെ ഫലപ്രദമാണെന്ന് നിരവധി അനുഭവസ്ഥരുടെ സാക്ഷ്യങ്ങൾ തെളിവായി പറയുവാനുണ്ട്.

ക്രമരഹിതവും അമിതവുമായ ഭക്ഷണശീലങ്ങൾ, വ്യായാമം ഇല്ലാത്ത ശരീരം, മദ്യപാനം, പുകവലി, തുടങ്ങി ലഹരി ഉപയോഗം എന്നിവയൊക്കെയാണ് ഹൃദയസംബന്ധമായ രോഗങ്ങളുടെ അടിസ്ഥാന കാരണം.

കേരളത്തിൽ ഹൃദയരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. അതുമാത്രമല്ല, ഹൃദയരോഗികൾക്ക് അലോപ്പതി ചികിത്സ ഭീമമായ സാമ്പത്തിക ബാധ്യതയുമാണ് ഉണ്ടാക്കുന്നത്. ഈ ചിലവുകൾ താങ്ങാനാവാതെ സാധാരണക്കാർ വലയുന്ന സാഹചര്യത്തിലാണ് ബിനോയ് വൈദ്യരുടെ ചിലവുകുറഞ്ഞ ചികിത്സാ രീതി അനേകർക്ക് ആശ്വാസമാകുന്നത്.

ആലപ്പുഴ ജില്ലയിൽ കായംകുളത്തു നിന്ന് അരനൂറ്റാണ്ടുകൾക്ക് മുൻപ് മലബാറിലെ നിലമ്പൂരിനടുത്ത് വെള്ളാരമുണ്ടയിലേക്ക് കുടിയേറിയ കാഞ്ഞിരപ്പറമ്പിൽ ജേക്കബിന്റെ കൊച്ചുമകനാണ് ബിനോയ് വൈദ്യൻ. പിതാവ് കെ.ജെ.മത്തായി. അമ്മ മോളി.

കപ്പയും മുളയരിയും ഭക്ഷണമാക്കി മണ്ണിനോട് പടവെട്ടി കനകം വിളയിച്ച കർഷക കുടുംബത്തിൽ നിന്നാണ് പാരമ്പര്യ ചികിത്സയുടെയും നാട്ടു വൈദ്യത്തിന്റെയും പിൻബലത്തോടെ ബിനോയ് വൈദ്യനും കുടുംബവും തന്റെ ചികിത്സാ രീതികൾ വികസിപ്പിച്ചെടുത്തത്. ഓരോ പച്ചമരുന്നും തങ്ങൾ തന്നെ ശേഖരിച്ച് വൃത്തിയാക്കി കൃത്യമായ രീതിയിൽ പ്രാർത്ഥനാപൂർവ്വം മരുന്നുകൾ തയ്യാറാക്കുന്നു. ഇത് മെഗാ ബിസിനസ് ആക്കാനോ വ്യവസായിക അടിസ്ഥാനത്തിൽ മരുന്ന് ഉൽപ്പാദിപ്പിച്ച് ലാഭം കൊയ്യുവാനോ താത്പര്യമില്ലെന്നും ഞങ്ങളെ നേരിട്ട് സമീപിക്കുന്ന രോഗിയെ താമസിപ്പിച്ച് മരുന്നും പഥ്യാഹാരങ്ങളും നൽകി പ്രാർത്ഥനാപൂർവ്വം ചികിത്സ നൽകി രോഗ സൗഖ്യത്തിലേക്ക് നയിക്കുക എന്നതാണ് തന്റെ ലക്ഷ്യം. നിരവധി ഗുരുക്കന്മാരുടെയും കേരളത്തിനകത്തും പുറത്തുമുള്ള നിരവധി വൈദ്യന്മാരുടെയും ശിഷ്യത്വം സ്വീകരിച്ച് പഠിച്ച ചികിത്സാ രീതികളും മലബാറിലെ നാട്ടുചികിത്സയും സംയോജിപ്പിച്ചാണ് ബിനോയ് വൈദ്യൻ ചികിത്സയുടെ പടവുകൾ കയറുന്നത്.

ഹൃദയരോഗങ്ങൾ മാത്രമല്ല ഡിസ്ക് തകരാറുമൂലം എഴുന്നേറ്റ് നടക്കാൻ പോലും സാധിക്കാത്ത നിരവധി രോഗികൾക്ക് തന്റെ പ്രത്യേക ബോൺ സെറ്റിംഗ് ചികിത്സയിലൂടെ ആശ്വാസം ലഭിച്ചതായി നിരവധി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

അതുപോലെ സോറിയാസിസ് ഒരു പ്രധാന രോഗമാണ്. സോറിയാസിസ് വന്ന് സൗഖ്യമാകാതെ ആത്മഹത്യ ചെയ്തവരേപ്പോലും തനിക്കറിയാം. ഇതിനോടകം നിരവധി പേർ കൃത്യമായ പഥ്യത്തിലൂടെ സോറിയാസിസ് എന്ന മാരകരോഗത്തിൽ നിന്ന് വിടുതൽ പ്രാപിക്കുവാൻ ഞങ്ങളുടെ പച്ചമരുന്ന് ചികിത്സ മൂലം സാധിച്ചതായും അദ്ദേഹം പറയുന്നു. അതോടൊപ്പം താരൻ, പൈൽസ്, വാതരോഗങ്ങൾ, മൂത്രത്തിൽ കല്ല്, തുടങ്ങി നിരവധി രോഗങ്ങൾക്ക് വൈദ്യനും കുടുംബവും ഔഷധങ്ങൾ നൽകി വരുന്നു. മധ്യതിരുവിതാംകൂറിലെ ആളുകൾക്ക് മലബാർ വരെ യാത്ര ചെയ്യാതെ ചികിത്സക്കായി തിരുവല്ലയിൽ ശാരോൻ ഫെലോഷിപ്പിന് സമീപം, കാട്ടൂക്കര റോഡിൽ നവജ്യോതി ആയുർവേദ ഹോം ഹെറിറ്റേജ് ഹോസ്പിറ്റലിന്റെ പ്രവർത്തനം ബിനോയ് വൈദ്യൻ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷമായി ജനങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

**വിളിക്കേണ്ട നമ്പർ:**
**9048712570, 9400566214, 9496214000**

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446532838
E-mail : ysandhesham@saintly.com
Published from Thiruvalla on 05 - 02 - 2017

2017 FEBRUARY
YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2016-18
POSTED AT RMS THIRUVALLA ON 05-02-2017
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP/205/2016-18


# Corner Stone Vacation Home

## Home Stay / Vacational Home / Service Apartment









**ROOMS AVAILABLE FOR :**

- Daily Basis
- Monthly Basis
- Corporates & Business
- Vacational Basis

**Book your Stay for Exciting Offers**





Address : #17, L.G. Rose Heritage, Hennur-Bagalur Main Road, Kadusonnapana Halli, Kannur (PO) Bengaluru, Karnataka - 562 149.

**CALL NOW : +91 8546834467, 7899364693**

**www.cornervhome.in | follow us in facebook**


Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.